भारत सरकार
GOVERNMENT OF INDIA
राष्ट्रीय पुस्तकालय, कलकत्ता ।
NATIONAL LIBRARY, CALCUTTA.

Mal

वर्ग संख्या
Class No. 894.8121

पुस्तक संख्या
Book No. K2 6898

रा० पु०/ N. L. 38.

MGIPC—S4—9 LNL/66—1 3-12-66—1,50,000.

സുമിത്ര.

ഖണ്ഡകാവ്യം

—:0:—

ഗ്രന്ഥകർത്താ,

എം. ആർ. കൃഷ്ണവാര്യർ, ബി. എ., എൽ. ടി.

ഒന്നാം പതിപ്പ് കാപ്പി—൫൦൦.

(പകർപ്പവകാശം)

"മനോമോഹനം" പ്രസ്സ്,
കൊല്ലം.

1100.

വില അണ ൧൨.

ഗ്രന്ഥകർത്താവിന്റെ അടയാളമില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

SHELF LISTED
Mal
894'8121
K4689 b
NATIONAL LIBRARY
No. 1308
Date 20-4-56
CALCUTTA

അവതാരിക.

ഒരു നൂതനപ്രസ്ഥാനമെന്നു സംശയരഹിതമായി പറയാവുന്ന ഈ കാവ്യത്തിനു്, അതിന്റെ യോഗ്യതയ്ക്കനുരൂപമായ ഒരു അവതാരികയെഴുതുവാൻ എന്നെക്കാൾ അഭിജ്ഞരായുള്ളവർ ധാരാളമുള്ളപ്പോൾ, അഭിജ്ഞനായ അതിന്റെ കൎത്താവു് ആ ജോലി എന്നെ ഏല്പിച്ചതും ഒരു നൂതനപ്രസ്ഥാനമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കാവ്യമാൎഗ്ഗേണ കവി, ഇപ്പോഴത്തെ വിദ്യാഭ്യാസരീതികളുള്ള ചില ന്യൂനതകളെ ചൂണ്ടിക്കാണിച്ചശേഷം "ദേശീയ"മെന്നു പറയാവുന്ന ഒരു പുതിയ വിദ്യാഭ്യാസരീതിയെ നിൎദ്ദേശിക്കുന്നു. ഈ രീതി വായനക്കാൎക്കു് അഭിരുചിതമായിത്തീരുവാൻ ഉപയുക്തങ്ങളും ചമൽകാരകാരികളുമായ സംഭവങ്ങളും വൎണ്ണനകളും കൊണ്ടു ഇതിവൃത്തം ഹൃദ്യവും കാവ്യം രസാത്മകവുമാക്കിത്തീൎക്കുകയും ചെയ്തിരിക്കുന്നു.

രസകരമായ ഇതിലെ ഇതിവൃത്തം, കാവ്യപാരായണത്തിൽ വായനക്കാൎക്കുണ്ടായിരിക്കേണ്ട ദിദൃക്ഷയ്ക്കു ഭംഗം വരുത്താതെ, അവതാരികയുടെ ആവശ്യത്തിനു പൎയ്യാപ്തമായ വിധത്തിൽ സംക്ഷേപിച്ചു താഴെ ചേൎക്കുന്നു.

പമ്പാതീരപ്രദേശത്തിൽ കൃഷ്ണനെന്നു ഒരു ഈഴവകൃഷിക്കാരനുണ്ടായിരുന്നു. സുമിത്ര കൃഷ്ണന്റെ പുത്രിയാണു്. സുമിത്രയെ പ്രസവിച്ച ഉടനേ അവളുടെ അമ്മ മരിച്ചു. വിരഹാൎത്തനായ കൃഷ്ണൻ തന്റെ പുത്രിയെ വളൎത്താനായി

അനുജൻ കുഞ്ഞുരാമനെയും അനുജന്റെ ഭാൎയ്യ കല്യാണിയേയും ഏൾപ്പിച്ചിട്ട ശ്രീനാരായണഗുരുസ്വാമികളോട്ട സന്യാസം സ്വീകരിച്ച തപസ്സിന്ന പോയി. ഇളയമ്മയും ഇളയച്ഛനും സ്വപുത്രിയോടൊരുമിച്ച സ്വപുത്രിയെപ്പോലെ തന്നെ സുമിത്രയെ വളൎത്തിക്കൊണ്ടു വരുമ്പോൾ ഇളയമ്മയും അവരുടെ മകളും മരിച്ചു. അഛനായും അമ്മയായും സുമിത്രയെ വളൎത്തേണ്ട ഭാരം കുഞ്ഞുരാമനിൽതന്നെ ലയിച്ചു. "തപസ്വീകരണം" എന്ന ഒന്നാംസൎഗ്ഗത്തിലെ കഥാഭാഗം ഇതാണ്. രണ്ടാംസൎഗ്ഗം കഥയല്ല. കൃഷ്ണൻ നിൎദ്ദേശിച്ചിരുന്നതനുസരിച്ച കുഞ്ഞുരാമൻ സുമിത്രയ്ക്കു നൾകിയ വിദ്യാഭ്യാസഫലത്തെ അതിൽവൎണ്ണിച്ചിരിക്കുന്നു. ആ രീതി അവളുടെ ബാലബുദ്ധിയെ സനാതനധൎമ്മതരുവിൽ ദൃഢതരമായി പടൎത്തി അതിനെ സൎവ്വൎത്തുസുമദലഫലാഢ്യമായ കല്പവല്ലിയാക്കിത്തീൎത്തു. "വനിതാദൎശ"മെന്ന ഈ സൎഗ്ഗമാണു കാവ്യത്തിന്റെ ജീവൻ. മൂന്നാംസൎഗ്ഗം ആ കല്പവല്ലി പൊഴിച്ച സുമധുരഫലങ്ങൾ ഗ്രാമീണജനങ്ങൾക്ക് എങ്ങനെ അനുഭവമായി എന്നു വൎണ്ണിക്കുന്നു. അതിലെ സുമസൌരഭ്യം അവൾ സ്ഥാപിച്ച ബാലികാനന്ദനത്തിന്റെ പ്രശസ്തിയോടൊരുമിച്ച ദേശാന്തരങ്ങളിലും വ്യാപിച്ചു. ഫലങ്ങൾ ഗ്രാമീണബാലികകളെ ആ സദനത്തിലേക്കു ക്ഷണിച്ചു. അവർ അതിന്റെ ശീതളഛായയിൽ ഇരുന്നു ജീവിതോദ്ദേശനിൎവ്വഹണത്തിലുള്ള മാൎഗ്ഗങ്ങളിൽ പ്രബുദ്ധകളായി തീൎന്നു. വിദ്യാഭ്യാസം കഴിഞ്ഞു ദ്വിതീയാശ്രമത്തിൽ പ്രവേശിക്കുന്നതിന്ന മുമ്പു കന്യാലയിലിരുന്നു ബുക്കുകളും ന്യൂസ്പേപ്പറുകളുംവായിച്ചും, ശ്ലോകങ്ങൾ എഴുതിയുംമായ്ച്ചും, ഉടലുംപുടവയുംമുടയാതെ സൂക്ഷിക്കുന്ന ഒരു പുതിയസോമവാരവ്രതത്തിന്റെ ചടങ്ങ് അനൂഢകളായ മലയാളകുലകന്യകളുടെഇടയിൽ പ്രചാരത്തിൽവന്നിട്ടുണ്ട്. അ

ഥവാ, അവരിൽചിലർ എട്ടുകെട്ടുപരീക്ഷകളുംജയിച്ചു് ആ ഏട്ടും ഉദ്യോഗഭാരവും വഹിച്ചുകൊണ്ടു നാട്ടുനീളെ ഓടിനടന്നു പ്രതിമാസം രണ്ടിലധികം ഏകാദശിവ്രതം നോററു പരീക്ഷ ജയിച്ച പാപത്തിനു പരിഹാരം വരുത്തുന്നുണ്ടായിരിക്കാം. തനിക്കും തന്റെ സമുദായത്തിനും ശ്രേയസ്കരമായ വിധത്തിൽ അപകടമേറിയ ഈ അനൂഢപ്രായം അഞ്ചുകൊല്ലം സുമിത്ര നയിച്ചതെങ്ങനേയെന്നു വർണ്ണിക്കുന്നതോടുകൂടി മൂന്നാംസർഗ്ഗം ഒരു ബാലികാസദനത്തിന്റെ മാതൃകയേയും വർണ്ണിച്ചിരിക്കുന്നു. സുമിത്ര സ്ഥാപിച്ച ബാലികാസദനത്തിന്റെ യശഃസൌരഭ്യം ദേശാന്തരങ്ങളിലും വ്യാപിച്ചു. ആ സൌരഭ്യത്തെ അഭിനന്ദിച്ച ഒരു അഭിഭാഷക ഭൃംഗരാജൻ ഒരു നല്ല പ്രഭാതത്തിൽ നക്രനായാട്ടിനു പുറപ്പെട്ടു. പമ്പാസരസ്തടം സമ്പ്രാപിച്ചു നായാട്ടിനു വട്ടംകൂട്ടിയ അദ്ദേഹത്തിനു അതിൽ സ്നാനത്തിനു വന്നിറങ്ങിയ സുമിത്രയുമായി സമാഗമത്തിനു സംഗതിയായി. ശ്രീനാരായണപരമഹംസന്റെ അനുവാദത്തോടും ആശിസ്സോടും യഥാകാലം പ്രത്യാഗമിച്ച സന്യാസിയായ സ്വപിതാവിന്റെ സാന്നിദ്ധ്യത്തോടും സുമിത്രയുടെ വിവാഹം നിർവ്വഹിച്ചു നാലാംസർഗ്ഗം "മംഗളോദയ"മായി അവസാനിക്കുന്നു.

ഒരു ഭാര്യയുടേയും, അമ്മയുടേയും, വക്കീലായ വരന്റെ "സഹധർമ്മചാരിണി"യുടേയും, ഗൃഹനായികയുടേയും പൌരിയുടേയും നിലയിൽ സുമിത്രയുടെ ജീവിതം 'ചൊട്ടയിലെ കരുത്തുപോലെതന്നെ ചുടലയോളം' പോയി എന്നു വായനക്കാർ (തല്ക്കാലം) സങ്കല്പിച്ചുകൊള്ളുകയേ വേണ്ടു. താരുണ്യംമുതൽ നവയൌവനത്തിന്റെ നടുവരെ നായികമാരുടെ നിഗൂഢവ്യാപാരങ്ങളിൽപോലും ജാഗ്രതയോടെ കർമ്മസാക്ഷികളായി നില്ക്കുന്ന കവികൾക്കു നായികയുടെ

വിവാഹം കഴിഞ്ഞാൽ പരിഗ്രഹീതാവിന്റെ പടിക്കലോളംചെന്നു 'പ്രണയം തിരിച്ചു നൾകിയ പരംപ്രസാദ'ത്തോടു വിരമിക്കാനല്ലാതെ പിന്നെയും 'പരസ്വ'ത്തിന്റെ പിന്നാലെ നടന്നു അനന്തരരഹസ്യങ്ങൾ അറിവാൻ അധികാരവും ആഗ്രഹവും ഇല്ലാത്തപോലെയാണു കണ്ടുവരുന്നതു്. ഉദ്വാഹാനന്തരമുള്ള ഗൃഹജീവിതത്തിന്റെ ഉത്തമമാതൃകകളെ കാട്ടിക്കൊടുക്കുന്ന നായികമാരുടെ അഭാവം നമ്മുടെ സാഹിത്യത്തിലെ അവശ്യം പരിഹരിക്കപ്പെടേണ്ടുന്ന ഒരു ന്യൂനതയായിട്ടാണു ഇരിക്കുന്നതു്. എന്നാൽ,

"ഗാർഹ്യസ്ഥാശ്രമേ സാഗ്നികന്മാ-
ർക്കെന്നുംമുട്ടീടാതെ ചെയ്യേണ്ടതായി
ഒന്നല്ലേറെ കൃത്യമുണ്ടാകയാൽ,"

ഗംഭീരമായ ഗൃഹജീവിതദശയിലേക്കു കടക്കുവാൻ സാമാന്യകവികൾക്കു ധൈര്യമുണ്ടാകാത്തതു ആശ്ചര്യമല്ല. ഭവഭൂതിയുടെ കാലത്തെ സാഗ്നികകൃത്യങ്ങളിൽ സഹധർമ്മചാരിത്വം മാത്രമല്ല ഇക്കാലത്തെ ഗൃഹനായികകൾക്കുള്ളതു്. ഭർത്താവിന്റെ "ഭൂരികളത്രസംഗ്രഹ"ത്തിൽ സാപത്ന്യസങ്കടമനുഭവിക്കാതെ കഴിച്ചുകൂട്ടുവാനോ വിധിവൈപരീത്യത്താൽ സംഭവിക്കുന്ന വിരഹവ്യഥയെ താങ്ങുവാനോ ഉള്ള പൌരാണികവധൂടികളുടെ സാമർത്ഥ്യം മാത്രവുമല്ല ഗൃഹനായികകൾക്കുണ്ടായിരിക്കേണ്ടതു്. ജീവിതമത്സരത്തിന്റെ കാർക്കശ്യത്തിലേക്കു സമുദായങ്ങൾ ത്വരിതഗമനം ആരംഭിച്ചിരിക്കുന്നു. അവിശ്രമപരിശ്രമത്താൽ അസ്വൈരമായ ഗൃഹസ്ഥജീവിതത്തെ പരിശ്രമവിഘ്നം വരുത്താതെ പ്രശാന്തമാക്കി മധുരീകരിക്കുവാനുള്ള സാമർത്ഥ്യമാണു് ഇക്കാലത്തെ ഗൃഹനായികകൾക്കു ഉണ്ടായിരിക്കേണ്ടതു്. അസാമാന്യകല്പനാശക്തിയും, ഗൃഹജീവിതത്തിന്റെ

നാനാമുഖങ്ങളിലും നിപുണതയോടെ പ്രവേശിക്കുന്ന സൂക്ഷ്മനിരീക്ഷണദൃഷ്ടിയും, സൃഷ്ടിവൈഭവവുമുള്ള സാക്ഷാൽ മഹാകവികൾക്കല്ലാതെ നവീനകാലദേശസ്ഥിതികൾക്കു യോജിച്ച ഒരു ഉത്തമഗൃഹനായികാമാതൃകയുടെ സ്രഷ്ടാവാവാൻ കഴിയുന്നതല്ല. ഇപ്പോൾ ഒരു ഖണ്ഡകാവ്യനായികയായിരിക്കുന്ന സുമിത്രയ്ക്കു് ഒരു മഹാകാവ്യനായികയാവാൻ യോഗമുണ്ടെങ്കിൽ, സുമിത്രയുടെ ബാലികാസദനത്തിൽ ശ്രീനാരായണപരമഹംസനെക്കൊണ്ടു ശാരദാദേവിയെ പ്രതിഷ്ഠിപ്പിച്ച ശ്രീമാൻ കൃഷ്ണവാദ്ധ്യാരവർകൾതന്നെ ആ ദേവിയുടെ അനുഗ്രഹത്താൽ ആവിധമുള്ള ഒരു ആദിമമഹാകവിയായിത്തീരട്ടേയെന്നു ഞാൻ പ്രാൎത്ഥിക്കുന്നു.

കാവ്യമാൎഗ്ഗേണ കവി വായനക്കാരുടെ മുമ്പാകെ അവതരിപ്പിക്കുന്ന ആദൎശങ്ങൾ മലയാളികളിൽ ഒരു വിഭാഗക്കാൎക്കു മാത്രമല്ല, പൊതുവേ എല്ലാമലയാളികൾക്കും സ്വീകാൎയ്യങ്ങളാണെന്നിരിക്കുമ്പോൾ, ഇതിലെ കഥാപാത്രങ്ങളെ ഈഴവരാക്കേണ്ടു ആവശ്യം എന്തായിരുന്നു എന്നൊരു ജിജ്ഞാസ ആൎക്കും ഉണ്ടാകാവുന്നതാണു്. ഇതിനുള്ള സമാധാനമായിരിക്കാം ഇതിന്നു് അവതാരികയെഴുതുവാൻ കവി എന്നെ ഏല്പ്പിക്കാനുണ്ടായ ഹേതുവും എന്നു ഞാൻ വിചാരിക്കുന്നു.

ഇന്നത്തെ വിദ്യാഭ്യാസരീതി സാഹിത്യപരവും തൽകാരണത്താൽ ദോഷകരവും ആണെന്നു സൎവ്വസാധാരണമായ ഒരു ആക്ഷേപം നാം ഉച്ചൈസ്തരം കേട്ടുവരുന്നുണ്ടു്. അഭിപ്രായം പറവാൻ അധികാരവും അവകാശവുമുള്ളവർ മാത്രമല്ല, അതില്ലാത്തവരുംകൂടി ഈ ആക്ഷേപം പറഞ്ഞുവരുന്നുണ്ടു്. കലശലായ ആക്ഷേപം ഈ ഒടുവിൽ പറഞ്ഞവരിൽനിന്നാണെന്നും തോന്നുന്നു. ഈ ആക്ഷേപ

ത്തിന്നു പരിഹാരമായി പ്രാചീനസമ്പ്രദായങ്ങളെല്ലാം അവിശേഷേണ അന്യൂനമായി കാണുന്ന ചില പണ്ഡിതന്മാർ നാം പ്രാചീനഭാരതീയരുടെ "ഗുരുകുലവാസ"ത്തിലേക്കു തിര്യെ പോകേണ്ടതാണെന്നു സിദ്ധാന്തിക്കുന്നു. തക്ഷശിലയിലെയും നാളന്ദത്തിലെയും കലാശാലകളെക്കുറിച്ചും പ്രാചീനഭാരതത്തിലെ ഗുരുകുലങ്ങളെക്കുറിച്ചും നാം വളരെയൊക്കെ പ്രസംഗിക്കുകയും പ്രശംസിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അന്നത്തെ സാമാന്യവിദ്യാഭ്യാസത്തിന്റെ അദ്ധ്യാപനപദ്ധതിയും ജനസാമാന്യത്തിന്നും കോഴ്സുകൾക്കും അതിന്മേലുള്ള ചുമതലകളും എന്തായിരുന്നു എന്നു നാം അറിയുന്നില്ല. "വേദവേദാംഗപാരാവാരപാരംഗതന്മാരാ"യ പലരെക്കുറിച്ചും പ്രശംസകൾ കേൾക്കാറുണ്ടെങ്കിലും അവർ പാരംഗതന്മാരാവാൻ ഉപയോഗപ്പെടുത്തിയ ഉഡുപത്തെയോ നൌകയേയോ കുറിച്ചു നമുക്കു യാതൊരു വിവരവുമില്ല. "സാന്ദീപനിംമുനിംഗത്വാ" വിദ്യാഭ്യാസം സമ്പാദിച്ച യശോധനന്മാരായ ശിഷ്യന്മാർ "മഹാവനേ വിറകിന്നു" പോയതും, "മഹാവൃഷ്ടിചൊരിഞ്ഞതും", "നനഞ്ഞശേഷം വഴിയുംപിഴച്ചതു"മായ ഗുരുകുലക്ലേശങ്ങളെയും, ഏകലവ്യന്റെ ഗുരുദക്ഷിണയേയും, സുകുമാരകവിയുടെ ഗുരുഭക്തിയേയും കുറിച്ചു നാം പുരാണങ്ങളിലും ഐതിഹ്യങ്ങളിലും നിന്നു പലതും ഗ്രഹിക്കുന്നുണ്ടെങ്കിലും പ്രാചീനങ്ങളായ വിദ്യാഭ്യാസരീതികളിൽ ഏതെങ്കിലും ഒന്നു ഇന്നത്തെ ആദർശങ്ങൾക്കും ആവശ്യങ്ങൾക്കും പര്യാപ്തമെന്നു ഖണ്ഡിതമായി പറയത്തക്കവണ്ണം നമുക്കു അവയെക്കുറിച്ചു വ്യക്തമായ യാതൊരറിവും ഇല്ല. പുരാണേതിഹാസങ്ങൾ വെളിപ്പെടുത്തുന്നതിന്നു വിപരീതവും പുരാണേതിഹാസങ്ങളും ഹൈന്ദവധർമ്മശാസ്ത്രഗ്രന്ഥങ്ങളും ശാസിക്കുന്നതിലും തുലോം വിശിഷ്ടവുമായ ഒരു വി

ദ്യാഭ്യാസനയം ഒരുകാലത്തു ഭാരതോർവ്വിയിൽ പ്രചാരത്തിലി
രുന്നു എന്നുള്ളതിനു സംശയമില്ല.

“അക്ഷരം വിപ്രഹസ്തേന”

വേണമെന്നും,

“ശൂദ്രമക്ഷരസംയുക്തം
ദൂരതഃ പരിവർജ്ജി”

കണമെന്നും ആയിരുന്നു അന്നത്തെ ഹൈന്ദവാചാര്യശാ
സനയെങ്കിലും “അക്ഷരഹസ്ത”ന്മാരായ വിപ്രന്മാരാൽപോ
ലും ബഹുമാന്യന്മാരായി ശൂദ്രരിലും മോശക്കാരായ “അക്ഷ
രസംയുക്ത”ന്മാർ ഉണ്ടായിരുന്നു എന്നു നാം വേറെവഴിക്ക
അറിയുന്നുണ്ട്. ശങ്കരാചാര്യരും മേൽപുത്തൂരും മററും വെളി
പ്പെടുന്നതിനുമുമ്പു തിരുക്കുറൾകൊണ്ടു മാക്കിൻറാത്ത്യന്മാർക്ക്
ആബ്രാഹ്മണചണ്ഡാലം ആചാര്യത്വം വഹിക്കുവാൻ യോ
ഗ്യനായ തിരുവള്ളുവരെ സൃഷ്ടിച്ചതു ഏതു വിദ്യാഭ്യാസനയ
മാണെന്നും പാക്കനാർ തുടങ്ങിയ യോഗീശ്വരന്മാരെ സൃഷ്ടി
ച്ചതു ഏതു ശബര്യാശ്രമമാണെന്നും നാമാരും ഇതേവരെ
ചുഴിഞ്ഞു ആരാഞ്ഞിട്ടില്ല. ബുദ്ധമതസംഘങ്ങളുടെ തി
രോധാനത്തോടുകൂടി അസ്തമിച്ച ഭാരതീയരുടെ വിജ്ഞാന
സൂര്യൻ വീണ്ടും ഉദിക്കുന്നതിനു ആ സംഘങ്ങളുടെ പുനഃ
സ്ഥാപനമോ സാമുദായികാദർശങ്ങളുടെ സമൂലപരിവർത്ത
നമോ ഏതാണു വേണ്ടതെന്നു ഖണ്ഡിച്ചുപറവാൻ കഴിയു
ന്നതല്ല. ഏതായാലും വിദ്യാഭ്യാസവിഷയമായ ഒരു പരി
വർത്തനം ആവശ്യംതന്നെയെന്നു എല്ലാവരും സമ്മതിക്കു
ന്നുണ്ട്. ആണ്ടുതോറും കലാശാലപ്പരീക്ഷകളും മററുപരീ
ക്ഷകളും ജയിച്ചു വിദ്യാലയങ്ങളും കലാലയങ്ങളും വിട്ടു വെ
ളിക്കിറങ്ങുന്ന യുവാക്കന്മാരുടെ സംഖ്യ പല സമുദായങ്ങൾ
ക്കും ഒരു മഹാഭാരമായി തീർന്നിരിക്കുന്നു എന്നുള്ള നിലവി

ളി നാം കേട്ടുകൊണ്ടിരിക്കുന്നു. എങ്കിലും പിന്നെയും പിന്നെയും അങ്ങനെയുള്ള യുവാക്കന്മാരുടെ സംഖ്യ വർദ്ധിപ്പിക്കാനല്ലാതെ ആ നിലവിളിക്കുന്ന സമുദായക്കാരും സന്നദ്ധരായി കാണുന്നില്ല. എവിടേക്കൊഴുകുന്നു എന്നും ഏതു കടലിൽ അവസാനിക്കുന്നു എന്നും നിശ്ചയമില്ലാത്ത ഈ ഊക്കേറിയ ഒഴുക്കിന്റെ നടുച്ചുഴിയിലേക്കു "നാടൊട്ടുക്കോടുമ്പോൾ നടുക്കേറിഓടണ"മെന്നുള്ള വൃദ്ധോക്തി അനുസരിച്ചു ഈഴവസമുദായവും തുഴഞ്ഞുതുടങ്ങിയിരിക്കുന്നു. നടുച്ചുഴിയിൽ നട്ടംതിരിഞ്ഞു "നനഞ്ഞതശേഷം വഴിയുംപിഴച്ചു" പ്രതിനിവർത്തിക്കുന്നതിനു ഇടവരാതെ സൂക്ഷിക്കേണ്ടതു സമുദായനായകന്മാരുടെ ഗൌരവമേറിയ ചുമതലയാണു്. ഈ ചുമതല ഈഴവസമുദായനേതാക്കന്മാർ അറിഞ്ഞു മാതൃകയേതെന്നു നല്ല നിശ്ചയം വന്നിട്ടില്ലെങ്കിലും ശിവഗിരിയിൽ ശാരദാമഠസന്നിധിയിൽ ഒരു മാതൃകാപാഠശാല സ്ഥാപിക്കാൻ സംരംഭം തുടങ്ങിയിരിക്കുന്ന വിവരം പ്രസിദ്ധമാണല്ലോ. ഈ സന്ദർഭത്തിലാണു് ഒരു ബാലികാപാഠശാലയുടെ നവീനാദർശങ്ങൾക്കു യോജിച്ച ഒരു മാതൃക "സൽകഥാകഥനമെന്നുള്ളൊരു മാർഗ്ഗത്തൂടേ" ശ്രീമാൻ കൃഷ്ണവാദ്ധ്യരവർകൾ നമ്മുടെ ആലോചനയ്ക്കായി സമർപ്പിച്ചിരിക്കുന്നതു്. വാദ്ധ്യരവർകളാൽ ഉപദിഷ്ടമായിരിക്കുന്ന ആദർശം നമുക്കു എത്രത്തോളം സ്വീകാര്യമായിരിക്കും എന്നുള്ളതിനെപ്പറ്റി സംശയിക്കാനില്ല. അദ്ദേഹം ഒരു സ്കൂൾഇൻസ്പെക്ടരാകയാൽ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയുടെ ഗുണദോഷങ്ങളെപ്പറ്റി ഉത്തരവാദിത്വബോധത്തോടുകൂടി ഗാഢമായി ചിന്തിക്കുവാനുള്ള അവസരവും ആവശ്യവും അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്. അതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കു മാററവും തൂക്കവും നോക്കാതെതന്നെ ഒരു "മുഖവില" ആരും കല്പിക്കുന്നതാ

ണ്. മാററം തൂക്കവും നോക്കി നിഷ്കൃഷ്ടിച്ചു വില നിശ്ച
യിക്കുന്നവൎക്കും അതു ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ
കാലോചിതവും ആദരണീയവുമായ ഒരു പരിഷ്കാരംതന്നെ
യെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തികാണുന്നില്ല. ആ
മാടയിലും പുഴുക്കുത്തുനോക്കുന്ന നോട്ടക്കാൎക്കും സമാധാന
ത്തിനു വഴിയില്ലാതില്ല. വിദ്യാഭ്യാസത്തിന്റെ നാനാമുഖ
ങ്ങളായ ഉദ്ദേശ്യങ്ങളെ പൂൎണ്ണമായി നിൎവ്വഹിക്കത്തക്കവണ്ണം,
ദോഷരഹിതമെന്നു നിസ്സംശയം പറയാവുന്നതായി, പ്രാ
ചീനമോ നവീനമോ ആയ ഏതെങ്കിലും ഒരു വിദ്യാഭ്യാസ
രീതി ഏതുരാജ്യത്തെങ്കിലും ഏൎപ്പെട്ടിട്ടുണ്ടോ എന്നു സംശ
യമാകുന്നു. എല്ലാരീതിയും പരീക്ഷകം മാത്രമാകുന്നു.
പരീക്ഷയിൽ വെളിവാകുന്നന്യൂനതയെ പരിഹരിച്ചു പൂൎണ്ണ
തവരുത്തുവാനേ നിവൃത്തികാണുന്നുള്ളു. ശ്രീമാൻ വാസ്വര
വർകളാൽ ഉപദിഷ്ടമായിരിക്കുന്ന രീതി പരീക്ഷായോഗ്യമ
ല്ലെന്നു ആൎക്കും പറവാൻ സാധിക്കയില്ല. പിതാവായ കൃ
ഷ്ണനാൽ ഉപദിഷ്ടമായ വിദ്യാഭ്യാസരീതി സുമിത്രയിൽ പ്ര
യോഗിച്ചു ഫലപ്രാപ്തിയിൽ വരുത്തിയതു ഇളയഛനായ
കുഞ്ഞുരാമനാകുന്നു. അവതാരിക എഴുതിക്കുകയെന്ന വ്യാ
ജേന കൃഷ്ണനിൎമ്മിതയായ സുമിത്രയ്ക്കു ഒരു കുഞ്ഞുരാമനായ
എന്നെ God father ആക്കിയ കവിയുടെ ആന്തരം ഞാൻ
തന്നെ ഇതിനെ പ്രയോഗിച്ചു ഫലത്തിൽവരുത്തണമെന്നാ
ണോ എന്നറിഞ്ഞില്ല പ്രായവും ആരോഗ്യവും അനുവ
ദിച്ചിരുന്നു എങ്കിൽ ഒരുപക്ഷേ ഈ രീതി പരീക്ഷിച്ചുനോ
ക്കുവാനുള്ള കൗതുഹലം എനിക്കുതന്നെ ഉണ്ടാകുമായിരുന്നു
എന്നു ഞാൻ സമ്മതിക്കുന്നു. അത്രമാത്രം ആകൎഷണീയ
ത ഈ രീതിക്കുണ്ടെന്നാണ് എന്റെ വിശ്വാസം.

സാഹിത്യപരമായ ഈ കാവ്യത്തിന്റെ ഗുണദോഷ
ചൎച്ച ഈ അവതാരികയുടെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെട്ടത

ല്ല. ഒരു സംഗതിയേ എനിക്കു അതിനെപ്പററി പറവാനുള്ളു.

ശ്രീമാൻ കൃഷ്ണവാദ്ധ്യരുടെ കവിതകളിൽ അദ്ദേഹത്തിന്റെ ആർജ്ജവബുദ്ധിയെപ്പോലെതന്നെ ആശയങ്ങൾക്കും ഭാഷയ്ക്കും അന്യകാവ്യങ്ങളിൽ അസുലഭമായ ഋജുതയും പ്രസന്നതയും മുഖ്യഗുണങ്ങളായി കാണ്മാനുണ്ടു്. ഭാഷയും ആശയവും "കാളിന്ദിയും ഗംഗയുമേകഭാഗേ മേളിച്ചകാന്തിപ്രസരം കലർന്ന്" അനർഗ്ഗളമായി പ്രവഹിക്കയാണു ചെയ്യുന്നതു്. തന്മൂലം സാമാന്യക്കാർക്കുപോലും സുഗമമായ അദ്ദേഹത്തിന്റെ കവിതയുടെ ഒഴുക്കിൽ വായനക്കാരുടെ മനസ്സും ക്ലേശരഹിതമായി ഒഴുകിച്ചെല്ലുകതന്നെ ചെയ്യുന്നു. അദ്ദേഹത്തിന്റെ ഇതരകവിതകളിലെക്കാൾ ഈ ഗുണവും മററുഗുണങ്ങളും ഈ കവിതയിൽ തുലോം ഉജ്ജ്വലമായി കാണ്മാനുണ്ടു്.

സുമിത്രയെപ്പോലെ ഒരു ആദർശവനിതയെ ഈഴവരുടെ ഇടയിൽ ഇപ്പോൾ കാണുവാൻ കഴിയുമെന്നു തോന്നുന്നില്ല. അവർക്കു ലഭിച്ച രീതിയിലുള്ള വിദ്യാഭ്യാസവും ഈഴവസ്ത്രീകളിൽ ആർക്കും ലഭിച്ചിട്ടില്ല. അങ്ങനെയൊരു വിദ്യാഭ്യാസരീതിതന്നെ ഇതേവരെ എങ്ങും ഏർപ്പെട്ടുകഴിഞ്ഞിട്ടില്ല. അവർ സ്ഥാപിച്ച ബാലികാസദനംപോലെ ഒരു സദനവും ഈഴവർ ഇതേവരെ എ,ങ്ങും ഏർപ്പെടുത്തിയിട്ടില്ല. കവിയുടെ ആശംസ ഈഴവസ്ത്രീകൾക്കു വിദ്യാഭ്യാസത്തിലും സമുദായസേവയിലും സുമിത്ര ഒരു ആദർശവനിതയായിത്തീരട്ടെയെന്നാണെന്നുള്ളതിനു സംശയമില്ല. അതിനാൽ ആദർശവനിതയായ സുമിത്ര കവിയുടെ സങ്കല്പലോകത്തിലല്ലാതെ ഈഴവസമുദായമദ്ധ്യത്തിൽ ഇല്ലെന്നു വന്നാൽ അതു സമുദായത്തിനു ഒരു കുറവല്ല. ഗ്രന്ഥഗതനായികമാരിൽ ആരുംതന്നെ ഒരു സമുദായത്തിലും ഒരുകാ

ലത്തും ജീവിച്ചിരുന്നവരല്ല. കാലദേശസമുദായസ്ഥിതികൾക്കിണങ്ങി ആദർശവനിതകളായി അവരെ കവികൾ സൃഷ്ടിക്കയാണു ചെയ്യുന്നതു്.

ആദർശമെന്നതു പ്രാപ്യമെന്നു പണ്ഡിതന്മാർ സിദ്ധാന്തിക്കുന്ന ദൂരസ്ഥിതലക്ഷ്യമാകുന്നു. പ്രാപിച്ച ഫലം കണ്ടാൽക്കൂടിയും നവീനാദർശങ്ങളിൽ സാമാന്യലോകം സംശയാവിഷ്ടചിത്തവൃത്തികളാണു്. പ്രാപിച്ച ഫലമറിഞ്ഞിട്ടില്ലാത്ത ദൂരസ്ഥിതമായ ഒരു നവീനാദർശത്തിന്റെ ദൂരദർശനമനോമോഹനത എത്രതന്നെ ആയിരുന്നാലും പരീക്ഷിച്ചുനോക്കുവാൻ സാമാന്യക്കാർക്കു ആർക്കും ധൈര്യം വരുന്നതല്ല. കല്പനാശക്തിയും, കർമ്മകുശലതയും, ആവശ്യമായ മററു അനുകൂലസ്ഥിതികളും ഉള്ളവർക്കുമാത്രമേ നവീനാദർശങ്ങളെ പ്രാപിക്കുവാൻ മാർഗ്ഗദർശികളായി ഇറങ്ങുന്നതിനു ധൈര്യമുണ്ടാകയുള്ളൂ. ഫ്രഞ്ചുകാരനായ റൂസോവിന്റെ ഗ്രന്ഥഗതമായ (എമിലി) വനിതാദർശത്തെ പരീക്ഷിച്ചു പ്രയോഗത്തിൽ വരുത്താൻ ധൈര്യപ്പെട്ടിറങ്ങിയ പെസ്റ്റലോസിക്കു വിദ്യാഭ്യാസലോകത്തിൽ ശാശ്വതമായ ഒരു യശഃപ്രതിഷ്ഠ ലഭിക്കുവാൻ ഇടയായ സംഗതി പ്രസിദ്ധമാണല്ലോ. പെസ്റ്റലോസിയുടെ ധൈര്യവും ആ ധൈര്യത്തിനു നിദാനമായ ആനുകൂല്യങ്ങളും ഉള്ള സിംഹളവനിതകൾ ആരെങ്കിലും ഉണ്ടെങ്കിൽ സുമിത്ര'യിലെ വനിതാദർശം അനുസരിച്ചുള്ള വിദ്യാഭ്യാസരീതി പ്രയോഗിച്ചു ഫലത്തിൽ വരുത്തിയാൽ അവരെ പ്രാപിക്കുവാൻ ഈപ്സിതയായി ഒരു സദ്യശസ്സ് അവസരംപാർത്തു നില്ക്കുന്നുണ്ടെന്നുള്ളതിനു എനിക്കു യാതൊരു സംശയവുമില്ല.

മയ്യനാട്ട്
1100-മേടം-15. } സീ. വി. കുഞ്ഞുരാമൻ.

Trivandrum.
14-7-'24.

Dear Krishna Variar,

I have read your poem "Sumithra" with very great interest.................. There are lines in this poem which are of superb beauty and which can well challange comparison with anything that has hitheto been published in Malayalam..........

Yours sincerely,
S. Parameswara Iyer:

സുമിത്ര.

ഒന്നാം സർഗ്ഗം.

കൃഷിക്കാരനാംകൃഷ്ണനുണ്ടായ് മനോജ്ഞാ-
കൃതിശ്ശ്രീയെഴും പുത്രി; പെററിട്ടനാളിൽ
കൃപാഹീനനായമ്മയെസ്സംഹരിച്ചു
കൃതാന്തൻ, പിടപ്രാവിനേപ്പോലെ വേടൻ. ൧

വിവാഹംകഴിക്കുമ്പൊഴേ തീവ്രരാഗ-
പ്രവാഹംവഹിച്ചോരു തന്വംഗി,യന്നാം
വിടർന്നാപ്രസൂനം ഫലംവെച്ചു വാടി-
ത്തളർന്നിട്ടു വീഴുന്നപോലെ, മരിച്ചാൾ. ൨

സജാതീയരാമീഴവസ്നേഹിതന്മാർ,
സഹായാർത്ഥതാപാനുകമ്പാമൃതത്തെ
യഥാശക്തി വർഷിക്കയാലത്ര കൃഷ്ണൻ,
സമാധാനപൂർവ്വം വിഷാദം സഹിച്ചു. ൩

വരുംതാപമമ്പോടു പങ്കിട്ടെടുപ്പാ-
നൊരാളെങ്കിലും നേരെയുണ്ടായിരുന്നാൽ,
അതിന്മൂർച്ഛയല്പം കുറഞ്ഞീടും; അർക്കാ-
തപത്തെക്കുറയ്ക്കുന്നതില്ലേ മഴക്കാർ? ൪

മരിച്ചമ്മപൊയ്പോയ കുട്ടിയ്ക്കു ജീവാ-
മൃതം വററിനില്ക്കും തടാകത്തിനുള്ളിൽ
കിടക്കുന്ന മീനിന്നുപോലേ, പയോദാ-
ഗമാവശ്യമുണ്ടെന്നു കാണായിമേന്മേൽ. ൩

കനിഷ്ഠന്റെ കല്യാണിയാകും കളത്രം
കരഞ്ഞീട്ടുമക്കുട്ടിയേക്കൈത്തലത്തിൽ
മടിയ്ക്കാതെടുത്താത്മജന്മയ്ക്കുന്നപോലേ
മലർത്തേൻമടുക്കും മുലപ്പാൽക്കൊടുത്താൾ. ൪

കനിഷ്ഠന്റെ ദാരങ്ങളക്കുട്ടിയേയും,
തനിക്കുള്ളതാം കൊച്ചുപെൺപിള്ളയേയും,
ഇരട്ടയ്ക്കുപെററിട്ട പൈതങ്ങളെപ്പോ-
ലെടുത്തന്നു നേരേ വളർത്താൻ തുടന്നാൾ. ൫

വിശുദ്ധാശയൻ കൃഷ്ണനന്നാത്മഭാര്യാ-
വിയോഗാഗ്നിയാകും വളംചേർത്തുമേന്മേൽ
വിപത്തായ വിത്തിങ്കലുണ്ടായ നേരാം
വിരക്തിദ്രുമത്തേ വളർത്തീത്തടത്തിൽ. ൬

നിലംചെന്നുനോക്കുന്ന നേരത്തു,ബാലാ-
നിലൻവീശി നെല്ലാന്നുപാടങ്ങളെല്ലാം
വരിയ്ക്കുണ്ടതാമാശ്രമത്തിന്റെ പുത്തൻ-
വരിക്കണ്ടമായിട്ടു കണ്ടൂവിരക്തൻ. ൭

വരമ്പത്തുകോലും തൃണം തിന്നു, വാലും
കുലുക്കിച്ചരിയ്ക്കുന്ന പുള്ളിപ്പശുക്കൾ
വനാന്താശ്രമത്തിങ്കലോടിക്കളിയ്ക്കും
മൃഗക്കൂട്ടമാണെന്നു കണ്ടു വിരക്തൻ. ൮

ചിലയ്ക്കും പതംഗങ്ങൾ നേരായി നാരാ-
യണസ്വാമിതൻ മഞ്ജുനാമാക്ഷരങ്ങൾ
ജപിച്ചുംകൊണ്ടിങ്ങും ചരിക്കുന്നുവെന്നാ-
യകക്കണ്ണുകൊണ്ടന്നു കണ്ടു വിരക്തൻ. ൨൨

വരമ്പുങ്ങളിങ്ങും മുറിഞ്ഞിട്ടൊലിക്കും
വരിഷ്ഠാഭകോലുന്ന തണ്ണീർത്തടങ്ങൾ
വിശുദ്ധങ്ങളായുള്ള തീർത്ഥങ്ങളെന്നായ്
വിചാരിച്ചുകൊണ്ടാൻ വിരക്തൻ വിശേഷാൽ. ൨൩

ഒഴുക്കുള്ളതുണ്ടിട്ടരഞ്ഞുണ്ടയായി-
ട്ടിരിയ്ക്കുന്ന വാർകൊണ്ട കൃഷ്ണോപലങ്ങൾ
സമാരാദ്ധ്യമാം ശൈവലിംഗങ്ങളായി-
സ്സമീക്ഷിച്ചു സന്ന്യാസവൃത്തിപ്രസക്തൻ. ൨൪

ജലാധിക്യനിഷ്കാസനത്തിന്നുവേണ്ടി
പ്രതിഷ്ഠിച്ചിരിക്കുന്ന ചക്രായുധങ്ങൾ
മഹാവിഷ്ണുവിൻ മഞ്ജുചക്രത്തെയല്ലോ
സ്മരിപ്പിച്ചതന്നാൾ വിരക്തന്റെയുള്ളിൽ. ൨൫

അഹസ്സേററമദ്ധ്യാത്മചിന്താർദ്രനായി
ട്ടഹോ! കൃഷ്ണനേവം നയിച്ചന്തിയായാൽ,
തിരിച്ചെത്തി, ജായാവിഹീനാന്ധകാരാ-
ലയം ശൂന്യമായ്ക്കണ്ടു ഖേദിച്ചിരുന്നാൻ. ൨൬

ഗൃഹസ്ഥാശ്രമത്തിന്നലങ്കാരമാകും
വിളക്കായ ദാരങ്ങളില്ലാതിരുന്നാൽ,
അതേററം തമസ്സംവൃതാവസ്ഥകൈക്കൊ-
ണ്ടിരിക്കുന്നതോർത്താകിലാശ്ചര്യമാണോ? ൨൭

സ്വദാരങ്ങളാം താരമാഹന്ത! മണ്ണിൽ-
പതിച്ചപ്പൊഴും, വേർവിട്ടുവീഴാതെ മേലിൽ
വിശേഷിച്ചു ശേഷിച്ചു തല്പുത്രിയാകും
പ്രഭാംശാംശുമാത്രം പ്രകാശിച്ചു വീട്ടിൽ. ൧൭

കളത്രത്തൊടൊന്നിച്ചു കാമാനുകൂലം
കളിച്ചത്ര വാണുള്ള കാന്താലയത്തിൽ
കടക്കുമ്പൊളോരോ വിചാരങ്ങൾ, ശല്യം-
കടത്തുന്നപോലെ, തറച്ചു മനസ്സിൽ. ൧൮

കിടക്കപ്പുരയ്ക്കുള്ളകം, നെല്ലുണങ്ങി-
ക്കരിഞ്ഞിട്ടിരിക്കും നിലംപോലെ, ജീവൻ-
വെടിഞ്ഞിട്ടിരിയ്ക്കും പിണംപോലെ, ഭാര്യാ-
വിയോഗാർത്തമായ്ക്കണ്ടു കൃഷ്ണൻ കരഞ്ഞാൻ. ൧൯

ഖദർക്കാമ്യശയ്യോപധാനങ്ങളേന്തും
മണിക്കട്ടിൽ, മാലിന്യമില്ലാത്ത തണ്ണീർ
ഖരോഷ്ണാംശു വറ്റിച്ചിരിയ്ക്കുന്നൊരാറ്റിൻ
മണൽത്തിട്ടുപോലെ, തദാ കണ്ടു കൃഷ്ണൻ. ൨൦

സ്വഭാര്യാഗുണോൽക്കർഷമേവംവിധത്തിൽ
സ്ഫുരിപ്പിച്ചു താപംവളർത്തുന്ന വീട്ടിൽ,
നിലാവസ്തമിച്ചുള്ള രാവിൽ ചകോരം
കണക്കത്രെ, കൃഷ്ണൻ കുഴങ്ങീ വസിപ്പാൻ. ൨൧

നിതാന്തം പ്രകാശം പെറും നിർമ്മലശ്രീ-
ഗുരുസ്വാമിനാരായണാംഘ്രിദ്വയത്തിൽ
ഉറപ്പിച്ചു തന്മാനസം, തീർത്ഥയാത്രാ-
പ്രസക്തിക്കതാനന്നു സന്നദ്ധനായി. ൨൨

തനിയ്ക്കുള്ള സൎവ്വസ്വവും തന്റെ കുഞ്ഞാം
"സുമിത്ര"യ്ക്കു നല്പ്രായമായിക്കഴിഞ്ഞാൽ,
കൊടുക്കാൻ കരാർചെയ്തു, കൃഷ്ണൻ ഗൃഹത്തെ
ത്യജിക്കാൻ തയാറായിനിന്നാനതന്ദ്രം. ൨൩

കരംകൊണ്ടു താഴത്തടിച്ചും കളിച്ചും
കളദ്ധ്വാനമുണ്ടാക്കി നീന്തിത്തളത്തിൽ
കമിഴ്ന്നന്നു മേവുന്ന തൽപുത്രിയെക്ക-
ണ്ടെടുത്തു ക്ഷണം ചെന്നു കൃഷ്ണൻ കരത്തിൽ. ൨൪

"കളഞ്ഞെന്നെയും ദൂരതീൎത്ഥാടനത്തി-
ന്നിറങ്ങേണ്ടയെന്നച്ഛ"നെന്നുള്ള മട്ടിൽ
കരത്തങ്കവാൎവള്ളിയാൽ തൻപിതാവിൻ
കഴുത്താശു പെൺകുട്ടി കെട്ടിപ്പിടിച്ചാൾ. ൨൫

"വൃഥാ ദൂരവേ തീൎത്ഥയാത്രയ്ക്കു പോയി-
ട്ടൊരാവശ്യമില്ലെ"ന്നു ചൊല്ലുന്ന മട്ടിൽ
വിടൎന്നുല്ലസിക്കുന്ന വായ്ത്തുമലൎത്തേ-
നൊലിപ്പിച്ചു പെൺകുട്ടി താതന്റെ മെയ്യിൽ. ൨൬

"പിറന്നപ്പൊഴേ തള്ള തള്ളിക്കളഞ്ഞാൾ,
പിതാവും ത്യജിച്ചെന്നെയിപ്പോൾ ഗമിപ്പാൻ-
തുടങ്ങുന്നുവോ?" എന്നുരച്ചോ? നരാഃതൻ-
തുളുമ്പീടുമവ്യക്തഭാഷാസ്വരത്തിൽ. ൨൭

ഉരസ്സോടണച്ചപ്പൊഴക്കൊച്ചുകാലാൽ
ഉടുത്തുള്ളതാം കാവിവസ്ത്രത്തിലെല്ലാം
ചവിട്ടിപ്പുളച്ചാളിതപ്പുത്രി തീൎത്ഥാ-
ടനത്തിന്റെവേഷം രസിക്കാത്തമട്ടിൽ. ൨൮

കഴുത്താർന്ന രുദ്രാക്ഷമാല്യങ്ങളും, തന്നെ-
ക്കളഞ്ഞീട്ടുപോകും മഹാനാടകത്തിൽ
ഘടിപ്പിച്ചതാം നാന്ദിയാണെന്നുകണ്ടോ?
കരംകൊണ്ടതുംകട്ടി തൂത്തങ്ങെറിഞ്ഞു. ൧൯

മകൾക്കുള്ള ലീലാവിശേഷങ്ങളാൽ തൻ-
മനോനിശ്ചയം, നൽക്കുളുർപ്പൂനിലാവാൽ
ഒളിച്ചന്ദ്രകാന്തോപലംപോലെ, നേരാ-
യലിഞ്ഞീട്ടുമെന്നുള്ളദിക്കായിതന്നാൾ. ൨൦

സുതാസ്നേഹസമ്പൽസമുൽക്കൃഷ്ടമാകും
സുവർണ്ണാഭമാം പട്ടുനൂൽബന്ധനത്താൽ
മൃദുത്താമരത്തണ്ടുകെട്ടാലൊരാനം-
കണക്കൽഗതിക്കന്നു കല്പിച്ചു കൃഷ്ണൻ. ൨൧

സമസ്താത്മശക്ത്യൗഷധത്തെ പ്രയോഗി-
ച്ചൊട്ടുക്കം, ജ്വരാർത്തന്നു ശുദ്ധാമൃതത്തിൽ
ജ്വലിക്കും പിപാസാർത്തിയെപ്പോലെ, ദോഷ-
ജ്ഞനാം കൃഷ്ണനാരാഗവേഗം തടഞ്ഞാൻ. ൨൨

ത്യജിച്ചൊക്കെ, യാചിച്ചുകിട്ടീടുമന്നം
ഭുജിച്ചു,റ്റമേകാന്തമാകും സ്ഥലത്തിൽ
ഭജിച്ചീശനേ ഭക്തിപൂർവ്വം, സദാസം-
വ്രജിച്ചീട്ടുവാൻ വീണ്ടുമായാളുറച്ചാൻ. ൨൩

മലക്കാവുകാരന്റെ സംരക്ഷണത്തി-
ന്നിളംവല്ലിയെപ്പോലെ, കൃഷ്ണൻവളർത്താൻ
മകൾതയ്യലെത്തൻസമീപത്തുനില്ക്കും
കനിഷ്ഠന്റെകയ്യിൽ സമർപ്പിച്ചുരച്ചാൻ:— ൨൪

"ഉരസ്സൂതിരിക്കുന്ന കല്ലൊന്നു, രത്ന-
പ്പണിക്കാരനെപ്പോലെയിപ്പുത്രിയേ ഞാൻ
ഇതാ നിന്നെയേല്പിച്ചിട്ടുന്നു; വഹിക്കാ-
നൊരുങ്ങേണമിബ്ഭാരവും നീ, സഗർഭ്യ! ൩൫

"ഇതേനാൾവരെപ്പേററതിൽപിന്നെ, നീയൊ-
ത്തനർഘാശയം പൂണ്ട കല്യാണിയല്ലോ
ഇളംതിങ്കളേപ്പോലെ മിന്നിത്തിളങ്ങു-
ന്നിവൾ കല്പ്പനൊത്തമ്മയായിട്ടിരുന്നു. ൩൬

"ഇളംതങ്കവാർവല്ലി തേന്മാവിലൊന്നിൽ
പടർന്നീട്ടുവാൻ പ്രായമായിക്കഴിഞ്ഞാൽ
ഇവൻ നിന്നെയേല്പിക്കുമിബ്ഭാരമേതാ-
ണ്ടിറക്കാം—ചുമന്നാലുമന്നോളവും നീ. ൩൭

"കരുന്നാകുമീവല്ലി, പാശ്ചാത്യധാത്രീ-
പരിഷ്കാരചണ്ഡാക്കഘോരാതപത്താൽ
ഉണങ്ങാതെ നോക്കേണമെന്നായിനിസ്സ്ഥി-
ന്നൊരഭ്യർത്ഥനം മാത്രമുണ്ടേ! വിശേഷാൽ. ൩൮

"പുമാൻ—സ്ത്രീവിഭാഗം ഗണിയ്ക്കാതെ, നാനാ-
വിധത്തിൽ പരിഷ്കാരമെന്നുള്ള പേരിൽ
നടത്തുന്നതാമിക്കലാഭ്യാസരീതി-
ക്കനർത്ഥം ഫലം മാത്രമാകുന്ന നാട്ടിൽ. ൩൯

"മനുഷ്യന്നു മാഹാത്മ്യമുണ്ടാകിടേണ്ടും
മതത്തിന്നഭാവത്തിനാൽ ബോധനത്തിൽ
പ്രധാനത്വമേകുന്നൊരിസ്സമ്പ്രദായം
കലാഭ്യാസമാണോ? ഖലാഭ്യാസമാണോ? ൪൦

"കുറേനാൾമുഷിഞ്ഞിട്ടു തന്മാതൃഭാഷാ-
പരിജ്ഞാനമാശാസ്യമാകുംവിധത്തിൽ,
ലഭിക്കാതെയുദ്യോഗലബ്ധിക്കു തെണ്ടി-
ത്തിരിഞ്ഞീടുവോരോ കലാഭ്യാസമുള്ളോർ? ൪൫

"സ്വദേശാഭിമാനം വഹിക്കാതെ, യന്യ-
ദ്വിദേശാംശുകത്താൽ, ധ്വരച്ചാണിപോലെ,
ഉടുപ്പും, ചെരിപ്പും ധരിച്ചാലൊരുത്തി-
യ്ക്കഹോ! പൂർണ്ണമായീ കലാഭ്യാസമിപ്പോൾ! ൪൬

"പരിഷ്കാരപാശ്ചാത്യരീതിയ്ക്കു, സാധ്വീ-
ജനാരാദ്ധ്യയായ്ത്തീർന്ന സാവിത്രിപോലെ
ഒരാളേ സ്വരൂപിച്ചിട്ടുകാണിതേനാൾ-
വരെയ്ക്കൈക്യമായോ? വരിഷ്ഠത്വമുണ്ടോ? ൪൭

"വരാംഗ്ലേയഭാഷാപരിജ്ഞാനമാർജ്ജി-
ച്ചിരിക്കേണ്ടതാവശ്യമാകുന്നു; പക്ഷേ
കിഴക്കർക്കിണങ്ങാത്ത പാശ്ചാത്യവേഷ-
ക്രമാചാരമംഗീകരിക്കേണമോ നാം? ൪൮

"പവിത്രാത്മപൌരസ്ത്യപൌരാണികോക്ത-
പ്രസിദ്ധാംഗനാദർശമുൽകൃഷ്ടമായി
പ്രകാശിക്കവേ, കൃത്രിമാദർശമംഗീ-
കരിയ്ക്കേണമോ ഭാരതസ്ത്രീജനങ്ങൾ?" ൪൯

സ്വബാഹുക്കളിൽ—തൂമണം തൂകിടും പൊ-
ന്നൊളിക്കട്ടപോലെ, മലർച്ചെണ്ടുപോലെ,
വിളങ്ങുന്ന പെൺകുട്ടിയേ സ്വീകരിച്ചി-
വിധം ചൊല്ലിനാനന്തരം കുഞ്ഞുരാമൻ:— ൫൰

“വിലപ്പെട്ടൊരേട്ടന്റെ നിർദ്ദേശമൊപ്പി-
ച്ചുലർക്കാന്തികൊള്ളുന്നൊരിപ്പിള്ളയേ ഞാൻ
കുലസ്ത്രീകളെപ്പോലെ,യദ്ധ്യാത്മവിദ്യാ-
ഫലം കിട്ടുമാറാക്കി നേരേ വളർത്താം. ൪൭

“സ്വഭാഷാന്നമിബ്ഭാരതോർവ്വീവിഭാഗ-
പ്രസിദ്ധാന്യഭാഷോപദംശങ്ങളോടേ
ഇവൾക്കാസ്വദിക്കാൻ യഥാകാലമമ്മോ-
ടെനിക്കായപോലൊക്കെയേർപ്പാടു ചെയ്യാം. ൪൮

“അമേയാർത്ഥഗീർവ്വാണസാഹിത്യഭാഷാ-
സമുദ്രത്തിലേച്ഛാതരത്തോല്പ്ലവത്താൽ
മനസ്സിന്നു സംസ്കാരഭൂഷാവിശേഷം
രചിച്ചിട്ടിടാം പ്രൗഢയാകുമ്പൊഴേക്കും. ൪൯

മഹാംഗ്ലേയസാഹിത്യമാകും കുളുർത്തു—
മലർക്കാവിലേ തേൻതുളുമ്പുന്ന പൂക്കൾ
മണപ്പിക്കുവാനുള്ള മാർഗ്ഗങ്ങളേയും
മടിക്കാതിവൾക്കന്നു കാട്ടിക്കൊടുക്കാം. ൫൦

“വിശേഷിച്ചു പെണ്ണുങ്ങൾക്കും, ഭാസ്വാസവിത്രീ-
വിശുദ്ധാശ്രമങ്ങൾക്കലങ്കാരമാകാൻ
വിനിർമ്മിച്ചിരിക്കുന്ന ശാസ്ത്രീയവിദ്യാ-
വിഭാഗങ്ങളിൽ ജ്ഞാനമാർജ്ജിക്കവേണ്ടു. ൫൧

“പുരാണേതിഹാസങ്ങളാകുന്ന പൂർവ്വോ-
ത്തമാചാരധർമ്മങ്ങൾ നില്ക്കും നിലത്തിൽ
നമുക്കുള്ള പെണ്ണുങ്ങൾ, നേരേ വിഹാരം
നടത്തീടിലേ നന്മയുണ്ടായിട്ടു മേൽ. ൫൨

"മനഃകായികാത്മാഭിവൃദ്ധിപ്രദശ്രീ-
കലാഭ്യാസഭാനക്രമംകൊണ്ടു മാത്രം
മഹത്തായ തേജസ്സാരംഗളജ്വലിയ്ക്കും,
മണിയ്ക്കുന്നപോൽ മഞ്ജൂസംഘർഷണത്താൽ. ൩൧

പ്രമാദം ഭവിയ്ക്കാതെ ഞാനിസ്സുശിക്ഷാ-
പ്രമാണത്തെ മേലാലടിസ്ഥാനമാക്കി,
പ്രവർത്തിച്ചുകൊള്ളാം കിടാങ്ങൾക്കു വിദ്യാ-
പ്രദാനം വിശേഷിച്ചു ചെയ്യേണ്ടനാളിൽ." ൩൨

നഗർത്ത്യോക്തിയാൽ, പുത്രിയെപ്പററിയന്നാൾ
സമുൽക്കണ്ഠപൂണ്ടുള്ള തന്നാശയത്തിൽ
സമാശ്വാസമുണ്ടായി കൃഷ്ണന്നു, രോഗാ-
തുരന്നെന്നപോലേകദിവ്യൗഷധത്താൽ. ൩൩

വികാരങ്ങൾ വീണ്ടും വിജൃംഭിച്ചടിച്ചുൾ-
ക്കടൽക്കോളിളക്കിക്കലക്കുന്ന മുമ്പിൽ
പ്രശാന്താഭകോലും പ്രഭാസസ്ഥലത്തിൽ
പ്രവേശിയ്ക്കുവാനായ് പുറപ്പെട്ടു കൃഷ്ണൻ. ൩൪

ഉടുത്തുള്ള കാഷായവസ്ത്രങ്ങളല്ലാ-
തെടുത്തില്ലരക്കാശുപോലും കരത്തിൽ
അവൻ; ഭിക്ഷയാചിച്ചു തീർത്ഥങ്ങളിൽ പോ-
യ്ക്കുളിക്കേണമെന്നാണവൻപോലാപ്തവാക്യം. ൩൫

വെറുംനിസ്വനേപ്പോലെ യാതൊന്നുമില്ലാ-
തിരുന്നിട്ടുമർത്ഥത്തിലാസക്തിയുള്ളിൽ
ധരിയ്ക്കാതെ സന്താപവും ലേശം—ആത്മ-
പ്രസാദത്തൊടാഢ്യാവിലായാൾ നടന്നാൻ. ൩൬

ഇരുട്ടത്തുനിന്നും വെളിച്ചത്തു ചെട്ടെ-
ന്നൊരാൾ വന്നുവെന്നാലവന്നുൾക്കളത്തിൽ
ജനിക്കും വികാരാനുഭൂതിയ്ക്കു, പാത്രീ-
ഭവിച്ചാൻ ഗൃഹംവിട്ടു പോകുന്ന കൃഷ്ണൻ. ൪൯

കടൽത്തട്ടിൽനിന്നും കരയ്ക്കത്ര ചെട്ടെ-
ന്നൊരാളെത്തിയെന്നാലവന്നുൾക്കളത്തിൽ
ജനിയ്ക്കും വികാരാനുഭൂതിയ്ക്കു, പാത്രീ-
ഭവിച്ചാൻ ഗൃഹം വിട്ടുപോകുന്ന കൃഷ്ണൻ. ൫൦

വിഷജ്വാലവിട്ടാശു പീയൂഷവൃഷ്ടി-
യ്ക്കൊരാൾ പാത്രമായാലവന്നുൾക്കളത്തിൽ
ജനിയ്ക്കും വികാരാനുഭൂതിയ്ക്കു, പാത്രീ-
ഭവിച്ചാൻ ഗൃഹംവിട്ടുപോകുന്ന കൃഷ്ണൻ. ൫൧

അയഃപഞ്ജരത്തിങ്കൽനിന്നാശു വെൺവാർ-
വിയത്തിങ്കലെത്തും കിളിക്കുൾക്കളത്തിൽ
ജനിയ്ക്കും വികാരാനുഭൂതിക്കു, പാത്രീ-
ഭവിച്ചാൻ ഗൃഹംവിട്ടുപോകുന്ന കൃഷ്ണൻ. ൫൨

ഇഹത്തിങ്കലേ ഗാഢബന്ധങ്ങളെല്ലാ-
മറുക്കുമ്പൊഴാത്മാഖ്യഹംസാധിരാജൻ
സ്വതന്ത്രത്വമാമന്തരീക്ഷത്തിലേറി
സ്വയം സ്വൈരമായിപ്പറക്കുന്നു മേന്മേൽ. ൫൩

ഗുരുശ്രേഷ്ഠനദ്ധ്യാത്മചിന്താനുഭൂതി-
പ്രശാന്തിസ്ഥനായ് ലോകരക്ഷാർത്ഥമിപ്പോൾ
ഇരിയ്ക്കും "ശിവാദ്രി"യ്ക്കു നേരേ തിരിച്ചാ-
നിടയ്ക്കെങ്ങുമേതന്നെ തങ്ങാതെ കൃഷ്ണൻ. ൫൪

ഗുരുസ്വാമിപാദാരവിന്ദങ്ങളിൽ പോയ്
കുറേനാളം രമിക്കാൻ ക്ഷണിയ്ക്കുംവിധത്തിൽ
മധുസ്യന്ദിയാം മഞ്ജുവീണാരവത്തിൽ
പതംഗങ്ങളും പാടിപ്പറന്നത്ര വന്നാർ. ൬൩

"ശിവാദ്രിയ്ക്കിതാകുന്നു പോകേണ്ട മാർഗ്ഗം
ഭവാനെ"ന്നു കാണിച്ചുകൊണ്ടാദരത്താൽ
മലർത്തുമണത്തെ വഹിക്കുന്ന മന്ദാ-
നിലൻ കൂടെയങ്ങോട്ടു വീശിഗ്ഗമിച്ചാൻ. ൬൪

ഇതെന്തത്ഭുതം! ഹന്ത! നാനാദിഗന്ത-
ങ്ങളിൽപ്പെട്ട ഭക്തപ്രവാഹങ്ങളാരാൽ
"ശിവാദ്രി"യ്ക്കു മേലോട്ടു പായുന്നു; കൃഷ്ണൻ
വെറുംതുള്ളിയൊന്നാണിവയ്ക്കൊന്നിനുള്ളിൽ. ൬൫

ശബര്യാശ്രമംപോലെ ശാന്താഭിരാമ-
പ്രസന്നാഭ കോലുന്ന ശൈവാദ്രിശൃംഗാ
ശരന്മേഘമേല്പുട്ടിയോടൊത്തു നേരേ
വിദൂരത്തവൻ കണ്ടു വന്ദിച്ചുട്ടത്താൻ. ൬൬

ഇതാ കാണുമിട്ടിക്കിലല്ലോ ചിലപ്പോൾ
മനുഷ്യന്നു മാഹാത്മ്യമുണ്ടെന്നു കാട്ടാൻ
ഇരിക്കുന്നു സാക്ഷാൽ ഗുരുസ്വാമി—നാനാ-
ജനങ്ങൾക്കു നേരിട്ടു കണ്ടാശ്വസിപ്പാൻ. ൬൭

സമാരാദ്ധ്യസന്ന്യാസിവീരൻ പ്രസന്ന-
പ്രശാന്താശയൻ വംഗസാഹിത്യകാരൻ *

* ടാഗോർ.

സമീക്ഷിച്ചതിദ്ദിവ്യതേജോവിലാസം
പ്രകാശിച്ചിട്ടും പുണ്യദേശത്തെയല്ലോ. ൧൦

പുരാണേതിഹാസാദിപാരായണത്തിൻ-
മുഴക്കങ്ങളും, പുണ്യപ്രസംഗാരവങ്ങളും,
ചതുർവ്വേദവേദാന്തവാദങ്ങളും—എല്ലാം
ചെവിക്കൊണ്ടിടാമിസ്ഥലത്തെത്തിടുമ്പോൾ. ൧൧

മതംമാറുവാനായ് ഭ്രമിയ്ക്കും മഹാന്മാർ,
മതദ്ധ്വംസകന്മാർ, മഹാനാസ്തികന്മാർ,
മദത്തോടു വന്നിട്ടു തർക്കിച്ചൊടുക്കം
മടങ്ങിഗ്ഗമിക്കുന്നതിദ്ദിക്കിലല്ലോ. ൧൨

കവിശ്രേഷ്ഠർതൻ വർണ്ണനസ്പഷ്ടമായി-
പ്പവിത്രത്വമേറീടുമീയാശ്രമത്തിൽ
സ്വഹസ്തങ്ങളും കൂപ്പി പ്രണാമങ്ങളോടും
പ്രവേശിച്ചു നൽക്കോൾമയിർക്കൊണ്ടു കൃഷ്ണൻ. ൧൩

ചിരം സ്വാമിതൃപ്പാദസേവാവ്രതത്താൽ
ഗുരുപ്രീതിയാർജ്ജിച്ചു ശുദ്ധോപദേശം
വരാനുഗ്രഹത്തോടു വാങ്ങിച്ചുകൊണ്ടു-
പ്പരിവ്രാജകൻ യാത്രവീണ്ടും തുടർന്നാൻ. ൧൪

പ്രകാശംപെറും പൂക്കൾതോറും നറുംതേൻ
പ്രമാണിച്ചുപോകുന്ന വണ്ടിന്റെ മട്ടിൽ
പ്രസിദ്ധങ്ങളാം പുണ്യതീർത്ഥങ്ങളിൽപോയ്
പ്രമജ്ജിച്ചു പുണ്യം സമാർജ്ജിച്ചുകൃഷ്ണൻ. ൧൫

ത്തുലോം ശുദ്ധമാം സേതു തൊട്ടുന്നതശ്രീ-
ത്തുഷാരാദ്രിയോളം കിടക്കുന്ന ഭൂവിൽ
വിയത്തിങ്കലൃക്ഷങ്ങൾപോലെത്രപുണ്യ-
പ്രദേശങ്ങൾ മേന്മേൽ പ്രകാശിച്ചിടുന്നു! ൬൩

വിഭാഗങ്ങളോരോന്നു വായിച്ചുനീക്കും
പ്രകാരത്തിലുൽകൃഷ്ടമാം ഭാരതത്തിൽ
ലസിക്കുന്ന പുണ്യപ്രദേശങ്ങൾ ദർശി-
ച്ചൊരാവൃത്തി കൃഷ്ണൻ പരുക്കെച്ചരിച്ചാൻ. ൬൪

മഹാപുണ്യമാകുന്ന നിശ്രേണിതൻമേൽ-
പടിക്കെന്നപോലേ പരിവ്രാട്ടുകൃഷ്ണൻ
പതിന്നാലൊടീരാണ്ടു ചെന്നപ്പൊളുദ്യ-
ന്മനോജ്ഞോത്തുകൈലാസശൈലത്തിലെത്തി. ൬൫

ആരാലതന്ന്യൂതശ്രീ തടവിയൊരു ഗിരി-
ശ്രേഷ്ഠശൃംഗത്തിലേറി
ക്കീഴോട്ടാലോകനം ചെയ്തിട്ടുമവനടിവാ-
രത്തിൽ നില്ക്കും മരങ്ങൾ
കാണ്മാം ഹ്രസ്വങ്ങളായെങ്ങിനെ?യതുവിധമൊ-
ന്നൈഹികാവാസസൌഖ്യ-
ശ്രീഭാവാർത്ഥങ്ങൾ കണ്ടാൻ കൃശതരങ്ങളുന്നാസ-
ക്തിയുന്മായ് കൃഷ്ണനപ്പോൾ. ൬൬

സ്വാർത്ഥം വിട്ടിഹ ലോകസംഗ്രഹവിധാ-
നാർത്ഥം പ്രവർത്തിക്കുവാ-
നായാദ്ധ്യാത്മികമായ ശക്തിയുളവാ-
യീടാനദഗ്രാശയൻ

സഞ്ചാരം മതിയാക്കിയാ വിജനമാം
കൈലാസശൈലാടവി-
യുള്ളിൽക്കേറി മറഞ്ഞു ദാരുണതപം
ചെയ്യാനൊരുങ്ങീടിനാൻ. ൨൦

തപസ്സ്വീകരണം

സമാപ്തം.

രണ്ടാംസർഗ്ഗം.

ഇളംതളിർക്കൈകളിൽ വീണ വെച്ചുകൊ-
ണ്ടിരുന്നിട്ടും ശാരദപോലെ, വെള്ളത്തൽ
ഇണങ്ങിട്ടും ചക്കയെ മേൽക്കുമേൽ തിരി-
ച്ചിരിപ്പതാം യൌവനയുക്തയാരിവൾ? ൧

വലംകരച്ചെന്തളിർകൊണ്ടു സത്വരം
തിരിച്ചു ചക്രത്തെ,യിടത്തുകൈമലർ
വളർക്കുമാം നൂലു വലിച്ചുനീട്ടവാ-
നിളക്കിടുന്നതു വ്യവസായലക്ഷ്മിയാൾ. ൨

സുവൃത്തസൌന്ദര്യമൊടൊത്തു, സൽഗ്ഗുണ-
പ്രവൃത്തിയിൽ സാന്ദ്രമുണച്ചുകൊൾകയാൽ
വിശിഷ്ടമാം ചക്രവുമീവരാംഗിയും
വിശിഷ്യ ചേരുന്നിതു തങ്ങൾ തങ്ങളിൽ. ൩

കൊഴുത്ത വാർപൂങ്കുഴൽവെൺനിലാവിനാൽ
വെളുത്തവാവിൻനിശപോ,ലിളംതളിർ
നിറഞ്ഞിടുമ്പോൾച്ചെടിപോലെ,യുല്ലസി-
ച്ചിടുന്നു ശുഭ്രാംഗി ഖദർപ്പടങ്ങളിൽ. ൪

സുമംഗളാകാരഗുണം തിളങ്ങിടും
സുമങ്ങളേ! നിങ്ങളെയംഗഭംഗിയാൽ
ജയിച്ചിടുന്നു ജഗദേകലക്ഷ്മിയാ-
യിരിക്കുമീ മുഗ്ദ്ധവിലാസഗാത്രിയാം. ൫

ലസൽകരിങ്കുവളമേ! യുവാംഗനാ-
ലലാമമാമീ ലളിതായതാക്ഷിയാം
ലഘൂകരിക്കുന്നിതു നിന്നെ,യുല്ലസ-
ദളിലോചനസ്നിഗ്ദ്ധവിലോലകാന്തിയാൽ ൬

മൃഗാങ്ക! നീയീമൃദുഗാത്രിതന്മുഖ-
പ്രസാദമേതാണ്ടുരരീകരിക്കുകിൽ,
ഭവാനെയോരോ പ്രണയാർദ്രധീകളാം
യുവാക്കളാരാധന ചെയ്യുമാദരാൽ. ൭

കരങ്ങൾ പത്മങ്ങൾ; കടാക്ഷമാംഗഭ്രു-
ശരം; ശരീരം മൃദുവാമിളംതളിർ;
സ്ഫുരൽപ്രവാളം ലളിതാധരം; മനോ-
ഹരത്വമേവം സുകുമാരിയാരിവൾ? ൮

മനോജ്ഞമെഞ്ചക്രധ്വനിയോടു മിശ്രമായ്
മരന്ദമാധുര്യമൊലിക്കുമൊച്ചയിൽ
മധുപ്രമാഥിസ്തവഗാനമാദരാ-
ലുറച്ചുപാടുന്നിതു മഞ്ജുവാണിയാൾ:— ൯

പാട്ട്.

('കല്യാണീകളവാണി' എന്നമട്ട്)

“കോടക്കാറൊളിവർണ്ണ! ചാട്ടുകതിവര! കണ്ണാ!
കെടററ ഭക്തിയോടേ വണങ്ങുന്നേൻ ഞാൻ.
ഓടക്കുഴൽവിളിയും, ധാടിയും, മോടികളും,
ഈറടൊക്കും പാൽമൊഴിയും, കളിയും പിന്നെ,
കൊഞ്ചിക്കുഴഞ്ഞ വാക്കും, ചാഞ്ചാടിയാടിപ്പോകും
പഞ്ചമിച്ചന്ദ്രനൊത്ത തിരുനെററിയും.
പീലിത്തിരുമുടിയും, താലിയും, പൂമാലയും,
കാലിക്കലത്തെ മേയ്ക്കും ചെറുവടിയും,
ചേലൊത്ത ചില്ലികളുമീരേഴു ലോകങ്ങളേ
പാലിയ്ക്കുന്നോരു ചാരുകടാക്ഷങ്ങളും,
കിങ്ങിണിയുടെ നല്ല മംഗളശബ്ദങ്ങളും,
ഭംഗിയിൽ ചാർത്തും മണിത്തിരുവാടയും.
പൊഞ്ചിലമ്പുകളുടെ ചിഞ്ചിലിദ്ധ്വനികളും,
പഞ്ചാനനൻ നമിക്കും പദയുഗവും
ചിത്തുന്ന ഭക്തിയോടേ ചിന്തിക്കുമടിയന്റെ
അന്തരംഗത്തിൽ സദാ വിളങ്ങീടേണം.
നിന്തിരുവടിയുടെ ബന്ധുരമാകും പദ-
ച്ചെന്താമരപ്പൂവുള്ളിൽ വിളങ്ങീടേണം!!”

യഥാർത്ഥമാം ഭക്തിരസം തുളുമ്പിനി-
ന്നകത്തുകൊള്ളാതെ വെളിക്കു മേൽക്കുമേൽ
ഒലിച്ചുചാടുംപടിയേവമിമ്പമോ-
ടനർഗ്ഗളം പാൽമൊഴി പാട്ടു പാടിനാൾ. ൫൦

അനന്തമാം നിർമ്മലഭക്തി കൃഷ്ണനിൽ-
ത്തഴച്ചുസന്മംഗളകീർത്തനങ്ങളാൽ
പ്രഭാതമുത്സാഹമൊട്ടും നയിക്കുമീ-
നതാംഗിയാരാണു്? നവീനരാധയോ? ൧൧

സുദർശനീയാകൃതിപൂണ്ട ചക്രം,മി-
സ്സുധാരസാലാപിനിതന്റെ പാട്ടുകൾ
പ്രതിധ്വനിയ്ക്കുംപടി ചുററിമഞ്ജുളാ-
രവം ജനിപ്പിച്ചു ജഗന്മനോഹരം. ൧൨

സ്വസോദരീരത്നമൊരുത്തിയീശ്വര-
പ്രശംസയക്കോദയമായവേളയിൽ
ഉരയ്ക്കയാണെന്നവിചാരമോടുപെൺ-
ഖഗങ്ങളിസ്സ്ത്രീലുകളേററു പാടിനാർ. ൧൩

സ്വകീയയാം സ്വാമിനി ബാലകൃഷ്ണനേ
സ്തുതിച്ചുപാടീടിന പാട്ടുകേൾക്കയാൽ
ഉണർന്നു സന്തോഷഭരതങ്ങളൊന്നിനൊ-
ന്നുയർത്തി ഗോവത്സഗണങ്ങളാദരാൽ. ൧൪

സുരമ്യസൂര്യോദയമായിടുംവരെ-
സ്സുരത്സുഖശ്രീകരചക്രവൃത്തിയിൽ
ശ്രമിച്ചു, പിന്നീടെഴുന്നേററുകാന്തിയു-
ദ്വമിക്കുമാരോഗ്യ വിരാജിതാംഗിയാൾ. ൧൫

ക്ഷണംമലർപ്പെണ്മണിയേ ക്ഷണിച്ചുട-
ത്തണയ്ക്കുവാനെന്നതുപോലെ ഭംഗിയിൽ
ക്ഷണപ്രഭാകോമളഗാത്രി, മന്ദിരാ-
ങ്കണപ്രദേശങ്ങളടിച്ചുവാരിനാൾ. ൧൬

വിശ്രുതം*"സാബർമ്മതി"യിൽ സുരമ്യയാ-
മൃഷീശഗാന്ധിസ്വാശ്രമപുത്രിപോലവേ
സുമാംഗി പിന്നെ ഗൃഹമോടടുത്തതാം
സരിത്തിലാറാട്ടിനു ചെന്നിറങ്ങിനാൾ. ൧൭

ലഭിച്ചുവെല്ലോ പരിശുദ്ധി ഗംഗയാം
നദിയ്ക്കു കൃഷ്ണാംഘ്രികളിൽ പതിക്കയാൽ;
അതിങ്ങു കൃഷ്ണാത്മജതൻ പദങ്ങളിൽ
പിടിച്ചുവാങ്ങി സ്വയമീസ്രവന്തിയും. ൧൮

സിതേന്ദുകന്ദദ്യുതി കൈക്കലാക്കവാ-
നിതിൽകിടക്കും തരിയായമണ്ണുകൾ
ഉഴന്നു വേഗം കയറി ഭ്രമിച്ചു വീ-
ണരഞ്ഞു തൽക്കാൽവിരൽതൻനഖങ്ങളിൽ. ൧൯

തദംഗസൌരഭ്യമപാഹരിയ്ക്കുവാ-
നൊരുങ്ങിയീ നിർമ്മലയാം സരിത്തുടൻ
മുഴക്കമപാനാഹമുഖിക്കിണങ്ങിടും
കഴുത്തിനോളം കഴുകാൻ കരേറിനാൾ. ൨൦

സ്വവേണി പോരാത്തതിനാൽ സ്രവന്തിയീ-
സ്സുവേണിതൻ ശോഭനദീർഘവേണികൾ
വഹിച്ചു, ഹാ! കൃത്രിമമാമലംകൃതി-
പ്രസക്തി കാട്ടുന്നതുപോലെ നാരിമാർ. ൨൧

---

* സബർമ്മതിനദീതീരത്തുള്ള മഹാത്മജിയുടെ ആശ്രമത്തെപ്പറ്റി "ഡ്രൂപിയേഴ്സൺ" എഴുതിയിരുന്നതു നോക്കുക.

തദക്ഷിമീനങ്ങൾ സഹോദരങ്ങളാ-
യിരിക്കുമെന്നുള്ളൊരു ശങ്കവായ്കയാൽ
മനോജ്ഞമത്സ്യങ്ങളടുത്തുവന്നു ത-
ത്സരിന്മുഖത്താശു കളിച്ചു പൊങ്ങിനാർ. ൨൧

സരില്ലതാസംഭ്രമമുത്ഭവിക്കയാ-
ലുതിർന്നതാം ബുൽബുദപുഷ്പപാളികൾ
കുളിക്കുമിപ്പെൺകൊടിതൻെറ കുന്തള-
ങ്ങളെ പ്രസാധിച്ചു വിളങ്ങി മേൽക്കുമേൽ. ൨൨

വിശൃംഖലമാം വിൺനദിതന്നിലപ്സരാ-
വിലാസിനീമാലികപോലെ, വാർമതി
വിയൽപ്പഥത്തിങ്കലെഴുന്നപോലെ, യീ-
വിധുപ്രസന്നാനന നീരിൽ നീന്തിനാൾ. ൨൩

ആരോഗദാർഢ്യം സ്വവപുസ്സിനേകുവാ-
നതാന്തമീവാരൊളിവാരിജാസ്യയാൾ
സരസ്സിലന്യാദൃശഹംസിപോലെയി-
സ്സരിത്തിൽ നീളെ കുളുർനീരിൽ നീന്തിനാൾ ൨൪

പരം കരിഞ്ചെണ്ടി പിണഞ്ഞു വീചികൾ-
ക്കിടയ്ക്കുവീണാട്ടുമൊരബ്ജമെന്നപോൽ
കമഴ്ന്നു വാർപൂങ്കുഴലാൾ, കരങ്ങളാം
ബിസങ്ങൾ കാൽത്തണ്ടൊടടിച്ചു നീന്തിനാൾ. ൨൫

സുമംഗളസ്നാനമിവണ്ണമിസ്സുധാ-
കരാസ്യ കാലത്തു കഴിച്ചതാദരാൽ
സലജ്ജ,മാത്മപ്രിയരൊത്തിരുന്നിട്ടും
ദ്വിജാംഗനാമൌലികൾ കണ്ടു മണ്ടിനാർ. ൨൬

കുളിച്ചു കേറിക്കുളിർമേനിയാൾ നന-
ച്ചുടുത്തു കട്ടിക്ഖദർ, വാർകരിങ്കുഴൽ
പിരിച്ചുവെച്ചാൾ, ജപമോടുബാലയാ-
യിരുന്ന സന്യാസിനിപോലെ കന്യയാൾ. ൨൮

ലഘുപ്രയത്നത്തൊടു നിർമ്മലാമൃതം
നിറച്ചതാം കുംഭമെളിക്കെടുത്തവൾ
നടന്നുപോയാൾ, സുമനസ്സുഖം പുര-
സ്സരിച്ച നാരായണമായപോലവേ. ൨൯

ഒരാശ്രമംപോലെ തെളിച്ചു ബാലനാം
ദിവാകരൻ കാട്ടിയ വീടു പുക്കവൾ
നിജാംശുകം മാറി, വിരിച്ചു വല്ക്കലം-
കണക്കരിഞ്ഞിട്ടുള്ള മേലുണങ്ങുവാൻ. ൩൦

നിരന്തരശ്രീനിയതാഭിരാമമാം
നിമേഷമാന്നായതലോചനങ്ങളിൽ
അണിഞ്ഞ നീലാഞ്ജനമർത്ഥയുക്തമായ്-
ച്ചമഞ്ഞു തൽകാന്തകടാക്ഷമേല്ക്കയാൽ. ൩൧

ഉമാവരോത്തംസകിശോരചന്ദ്രനിൽ
പതിച്ച ഗംഗാമൃതബിന്ദുപോലവൾ
സ്വഫാലദേശത്തു കുളുത്ത ചന്ദന-
ക്കുഴമ്പിനാൽ പൊട്ടുമണിഞ്ഞു ഭംഗിയിൽ ൩൨

സ്വയം സ്വഗോശാലയിലെത്തിയോമന-
പ്പശുക്കളെഗ്ഗോപകുമാരിപോ,ലവൾ
അഴിച്ചുവിട്ടാശു കറക്കുവാനൊളി-
ക്കിടാക്കളേയും പുറകേ നടത്തിനാൾ. ൩൩

അരോഗഗോവത്സഗണങ്ങളേകനി-
ഞ്ഞനുഗ്രഹിച്ചിട്ടു പശുക്കളാദരാൽ
അമൎത്ത്യഗോവെന്നതുപോലെ, വേണ്ട പാ-
ലവൾക്കനായാസമൊഴിഞ്ഞു നൾകിനാർ. ൩൪

അതിന്നുശേഷം പരിചിന്തനങ്ങളേ-
ല്പരാത്മതത്വത്തിലിതെന്നപോലെവാം
പശുക്കളെച്ചുറ്റുമാലഭൃതലത്തിലേ-
ക്കഴിച്ചുവിട്ടാൾ വിഹരിച്ചുകൊള്ളുവാൻ. ൩൫

അനന്തരം പാചകവൃത്തിതൊട്ടതാ-
മവശ്യ നാനാഭവനപ്രവൃത്തികൾ
കൃശാംഗിയാൾ ചെയ്തു, വനാന്തവാസമാ-
ണ്ടിരുന്നനാൾ ശ്രീമതി കൃഷ്ണപോലവേ. ൩൬

ഒരുക്കിയന്നൊക്കെയിടത്തളത്തിലാ-
യൊരാൾക്കിരിക്കാനിലവെച്ചു മങ്കയാൾ,
തദാഗമം സാദരമംബരീഷനാം
നൃപാലനെപ്പോലഥ നോക്കിമേവിനാൾ. ൩൭

പ്രതീക്ഷിതാഭ്യാഗതിയോളവും വൃഥാ
കളഞ്ഞിടാതെ സമയം സുശീലയാൾ
വിശുദ്ധഗീതാമൃതമാസ്വദിക്കുവാ-
നെടുത്തു തൽപുസ്തകമാശു നോക്കിനാൾ. ൩൮

വിധിച്ചപോലേ ശനിയാഴ്ച്ചവായന-
യ്ക്കുമോഘമദ്ധ്യായയുഗം സമാപ്തിയിൽ
എടുത്തു ഭക്ത്യാദരപൂൎവ്വമീമനോ-
വിശുദ്ധയാൾ തേന്മഴപോലെ ചൊല്ലിനാൾ. ൩൯

ഇടയ്ക്കിടെക്കാർമയിർകൊണ്ടു, കണ്ണുനീ-
രിടന്റുവീണിട്ടിടറീട്ടുമൊച്ചയിൽ
ഇരുന്നു ഗീതാദ്ധ്യയനം കഴിപ്പതു-
ണ്ടിഹത്ര്യബന്ധങ്ങൾ മറന്നുകൊണ്ടിവൾ. ൪൦

അഗാധഗീതാബ്ധിയിലാണ്ടു, ചിൽപ്രഭാ-
വിചാരരത്നാവലി ശേഖരിക്കുവാൻ
കൃതാവധാനത്തൊടുമുദ്യമിക്കയാൽ
കൃതാർത്ഥയായാൾ കൃശരമ്യഗാത്രിയാൾ. ൪൧

അനേകമാദ്ധ്യാത്മികതത്ത്വവാസനാ-
ഗളൽസുഗീതാകവിതാസുമങ്ങളിൽ
അടങ്ങിടും ജ്ഞാനമരന്ദമാസ്വദി-
ച്ചുവൾക്കെഴും മാനസഭൃംഗിയാടിനാൾ. ൪൨

വിശുദ്ധഗീതാംബുവിലംബുജാക്ഷിയീ-
വിധത്തിലാറാടി വിപങ്കയാകയാൽ
വിളങ്ങി, വിഷ്ണുസ്മിതമഞ്ജുചന്ദ്രികാ-
ഭിഷിക്തയാമബ്ജികമാരിപോലവേ. ൪൩

ഒരോരു പദ്യം മധുവാണി ചൊല്ലിയുൽ-
ഗമിച്ചിതഗ്രസ്ഥപദം ലഭിക്കുവാൻ,
രസാലവൃക്ഷത്തിലണഞ്ഞു പാടി മേൽ
കരേറുമോമൽപ്പരപുഷ്ടമെന്നപോൽ. ൪൪

ശിശുക്കൾ പാൽപോലെ, പശുക്കൾ പുല്ലുപോ,-
ലളിവ്രജം പുഷ്പമധൂളിപോലവേ,
നതാംഗി ഗീതാമൃതമാസ്വദിച്ചിതാ-
പ്പിപാസു പാന്ഥൻ കുളുർനീരുപോലെയും. ൪൫

"മതിമ്മമേ"ത്യന്തമുരച്ചു കണ്ണട-
ച്ചിരുന്നു, കൈകൂപ്പി,യണിഞ്ഞു കോൾമയിർ,
മനോരഥം ശ്രീമതി പാൎത്ഥസാരഥി-
സ്മൃതിക്രമാഢ്യാവിലിണക്കിനിൎത്തിനാൾ. ൪൬

അറിഞ്ഞതില്ലിങ്ങിനെയെത്രനേരമി-
യഗാധമാം ധ്യാനവുമാൎന്നുകൊണ്ടിവൾ
ഇരുന്നുവെന്നക്ഷി തുറന്നവേളയിൽ
പിതൃവ്യനേക്കണ്ടിതു മുമ്പിലാദരാൽ. ൪൭

കഴിഞ്ഞൊരിഷ്ഷോഡശവത്സരാഖ്യനാം
കൃഷീവലാഗ്ര്യൻ, ബത! കുഞ്ഞുരാമനിൽ
കലപ്പയാം പാണി കടത്തിയജ്ഞരാ-
ഭിധങ്ങളാം ചാലുകളിത്രകീറിയോ! ൪൮

വ്യഥാവിചാരാഭിധശില്പി, കമ്പിയാ-
യിരുന്നതച്ഛ്യാമശിരോരുഹങ്ങളിൽ
ഇടയ്ക്കിടയ്ക്കങ്ങിനെ വെള്ളി പൂശിയി-
ട്ടിരുന്നു മററുള്ളവയിൽ പിടിയ്ക്കുവാൻ. ൪൯

ഹ തിവ്രതാരത്നം—അവൻെറപത്നിയാ-
യിരുന്ന കല്യാണി—യകാലമൃത്യുവിൽ
പതിച്ചിരുന്നു ചെറുകുട്ടിയൊത്തു, പൊ-
ന്മൃഗത്തൊടൊപ്പം വനരാജിവഹ്നിയിൽ. ൫൦

നിജാഗ്രജാദ്ധ്യാത്മികയാത്രയോടുമ-
സ്സോദരപുത്രീപരലോകയാത്രകൾ
വിയോഗമാം വഹ്നിയെ വീശിവെച്ചുകൊ-
ണ്ടിരുന്നു തന്മാനസശുദ്ധവേദിയിൽ. ൫൧

അകത്തുതാപം വരുമാറശീപമു-
ജ്ജ്വലിച്ചുനില്ക്കുംസ്ഫുടികേന്ദുപോലവേ,
പുറത്തുതേജസ്സു വഹിച്ചിരുന്നുവി-
പ്രയോഗസന്തപ്തവിശുദ്ധമാനസൻ. ൧൨

പിതൃവ്യനേക്കണ്ടളവാത്മസംഭ്രമ-
ത്രപാദരപ്രശ്രയഭക്തിപൂർവ്വകം
"സുമിത്ര" വേഗം മുകളീകൃതാഭമാ-
യിരുന്ന കയ്യോടെഴുനേററു കൂപ്പിനാൾ. ൧൩

വിനീതയായീനവനീതഗാത്രിയാൾ
വണങ്ങവേ ബാഷ്പകണങ്ങളക്ഷിയിൽ
പരിസ്രവിച്ചിട്ടു പരിശ്രമംകല-
ന്നനുഗ്രഹിച്ചാനവളേഗ്ഗൃഹാധിപൻ. ൧൪

"പ്രിയപ്പെട്ടന്നെന്മകളേ! യഥാർത്ഥമാം
വിഭക്തിയും ധർമ്മവുമാത്മബോധവും
ജനിച്ചിരിക്കുന്നു നിനക്കു വന്ദ്യസൽ-
ഗുരൂപദേശംവഴി പാർത്ഥനെന്നപോൽ. ൧൫

"സഹോദരൻ-നിൻജനകൻ-ഗൃഹം പരി-
ത്യജിച്ചുപോയള്ളിവസത്തിലെന്മകൾ
കമഴ്ന്നു നീന്തുന്നൊരു കൊച്ചുകുട്ടിയാ-
യിരുന്നു-ഞാൻ നിൻെറ വളർത്തലേററനാൾ. ൧൬

"സഹായമായന്നു നമുക്കു ഹാ! മഹാ-
സമർത്ഥ"കല്യാണി"യുമെൻെറയാമകൾ
"സരോജ"വും ഹന്ത! വസിച്ചിരുന്നു; ദു-
സ്സഹാർത്തിചേർത്തിട്ടവരും മരിച്ചുപോയ്. ൧൭

"സ്മരിക്കവേണ്ടായതു; നിന്നെയേഷ ഞാൻ
വളൎത്തുവാനന്തരവാദിയാകയാൽ
മരിച്ചതില്ലന്നവരൊത്തു, കണ്ടു നാം
തിരിച്ചയക്കേണ്ട ചരിച്ച പാതയിൽ. ൪൯

"യഥേഷ്ടമാജ്യേഷ്ഠനരച്ച തോതിനൊ-
ട്ടൊത്തു നിന്നെസ്സുരിയായ് വളൎത്തുവാൻ
ശ്രമിച്ചതിൻ സൽഫലസിദ്ധി വന്നുവെ-
ന്നറിഞ്ഞു ഞാനിന്നിഹ കണ്ട കാഴ്ചയാൽ. ൫൰

"ശുഭോദയശ്രീകരഭാവിജീവിത-
പ്രശാന്തയാത്രക്കനുയോജ്യരീതിയിൽ
മനസ്സുരീരാത്മമുഖാഭിസംസ്കൃതി-
പ്രസാധനത്താൽ പരിഷ്കൃതയായി നീ. ൫൧

"മമാഗ്രജന്മാഗ്രഹപൂൎത്തിചേൎക്കവാ-
നിഹൈകഭൂഷ്ഷന്തനണഞ്ഞിടുന്നനാൾ
പ്രതീക്ഷണംചെയ്തമരുന്നു ഞാൻ; വിധി-
പ്രഭാവമാൎക്കിങ്ങിനെയെന്നറിഞ്ഞിടാം?" ൫൨

ഇവണ്ണമോരോന്നിളയച്ഛനിംഗിതം
കഥിച്ചതാനമ്രമുഖാരവിന്ദയാം
ശ്രവിച്ചു, മന്ദാക്ഷമനോഭിരാമയായ്
മരന്ദമഞ്ജൂകതികം മന്ദമോതിനാൾ:— ൫൩

"മമതാമേവം ചെറിയച്ഛ! സൎവ്വതോ-
മുഖങ്ങളാം സംസ്കരണങ്ങളാൽഭവാൻ
മദീയജീവാഭ്യുദയത്തിനാസ്പദം
മുറയ്ക്കു നിൎമ്മിച്ചുവരുന്നു നാൾക്കുനാൾ. ൫൪

"ത്വദീയമാമുൽക്കലികാവധാനവ്രത-
കൃപാർദ്രസംരക്ഷണകൗക്കിരിക്കുവാൻ
ഒരർഹമാം ഭാജനമല്ല മുഗ്ദ്ധയാ-
യിട്ടുന്ന ഞാനെന്നറിയുന്നതുണ്ടു ഞാൻ. ൱൪

"ഭവൽപ്രയത്നം സഫലീകരിച്ചുവെ-
ന്നരയ്ക്കുവാനിന്നിടയായതോർക്കുകിൽ
ത്വദീയവാത്സല്യഭരം നിമിത്തമാ-
യിരിക്കുമെന്നേ നിരൂപിപ്പതുള്ളു ഞാൻ. ൱൫

"അപാത്രമീമട്ടഭിനന്ദനത്തിനെ-
ന്നിരിക്കിലും ഞാൻ, ഇളയച്ഛനിച്ഛപോൽ
അനുഗ്രഹിച്ചോതിയ വാക്കുകേൾക്കയാ-
ലമന്ദമിപ്പോൾ കൃതകൃത്യയായ് ദൃഢം. ൱൬

"കഴിഞ്ഞതും കൈവരുവാനിരിപ്പതും
കഥിച്ചു നേരം കളയുന്നു നാം വൃഥാ;
കരസ്ഥകാര്യം ഫലകാംക്ഷയെപ്പരി-
ത്യജിച്ചനുഷ്ഠിക്കുകയുത്തമോത്തമം. ൱൭

"പിതൃവ്യശുശ്രൂഷണമൊന്നുമാത്രമാ-
ണെനിയ്ക്കു താല്ക്കാലികകൃത്യം, ആകയാൽ
ഭവല്പദാംഭോജമിരിക്കയെന്മനഃ-
ഷഡംഘ്രിക്കേതിട്ടില്ലിതരാവലംബനം ൱൮

"അതൊക്കെനില്ക്കട്ടെ, യഥേഷ്ടമുണ്ണുവാ-
നമാന്തമെന്താണിനി വന്നിരിയ്ക്കുവാൻ?
ഇതാ യഥാശക്തി പചിച്ച ഭക്ഷണം
വിളമ്പിടാം" എന്നവൾ ചൊന്നൊരുങ്ങിനാൾ. ൱൯

അയാളിരുന്നുണ്ടു, കുറച്ചു വിശ്രമി-
ച്ചനന്തരം തൻകൃഷിജ്ജോലിനോക്കുവാൻ
തിരിച്ചു; തന്വംഗിയുമാശുഭക്ഷണം
കഴിച്ചുമേൽ വിശ്രമമല്പമേന്തിനാൾ. ൧൦

ഭൃത്യാഹൃദ്ദുകൂലാസനഭൂഷിതാംബരാ
വൃതാത്തകൃഷ്ണാ*വനമാശു ചെയ്യുവാൻ
വിശിഷ്ടവൃത്താമലചക്ര*പാണിയേ-
ന്നുമാശ്രയിച്ചാളവൾ വീണ്ടുമാദരാൽ. ൧൧

മണിപ്രണാദംനിശമിച്ചു കോവിലിൽ
ഭജിയ്ക്കുവാൻ ഭക്തജനങ്ങൾ പോംവിധം
മനോജ്ഞചക്രധ്വനികേട്ടു പഞ്ഞിന്നൂ-
ലെടുക്കുവാൻവന്നിതു തന്റെക്കൂട്ടുകാർ. ൧൨

യഥാക്രമം വന്നവരെപ്പഠിപ്പിനാ-
യിരുത്തിയദ്ധ്യാപികയെന്നപോലവൾ
അവർക്കിണങ്ങുന്നവിധത്തിലിഷ്ടമാം
തരത്തിലഭ്യാസവുമാശു നൽകിനാൾ. ൧൩

പറിച്ച കായ് പാപ്പി; കളഞ്ഞു കാളിതോ-
ടെടുത്തുമാററീ കരുചക്കരുമ്പയാൾ;
അടിച്ചുവില്ലിട്ടു ഭവാനി പഞ്ഞി; താ-
നതാശുനന്നായ് ച്ചുരുളാക്കി മാധവി. ൧൪

---

* കറുത്ത വസ്ത്രത്തിലുൾപ്പെട്ട സ്ത്രീകൾ എന്നും

* ചക്രത്തിന്റെ കയ്യ് എന്നും.

വിറച്ചിട്ടുംകയ്യൊട്ടു ചക്കയെത്തിരി-
ച്ചിട്ടുന്നു ഭാഗീരഥി; കട്ടിയായ നൂൽ
വലിച്ചുനീട്ടുന്നു യശോദ, നേത്താനൂ-
ലെടുത്തിട്ടുന്നൂ ദമയന്തി മേൽക്കമേൽ. ൬൫

സുഭദ്ര ഭദ്രം കഴിചുററിട്ടുന്നു, ത-
ത്സഹായമായൂർമ്മിളയെന്ന മങ്കയാം
അടുത്തു നില്പുന്നിതു; പങ്കജാക്ഷിയു-
ദ്യമിച്ചിട്ടുന്നൂ പശയിട്ടുകൊള്ളുവാൻ. ൬൬

പറിച്ചിട്ടുന്നുണ്ടിത പാവിട്ടുന്നതി-
ന്നിരുന്നു ദാക്ഷായണി; മുണ്ടുനെയ്യുവാൻ
പരിശ്രമിയ്ക്കുന്നിതു പാടവം പരം
കലർന്നിട്ടും മൈഥിലി മഞ്ജുഗാത്രിയാൾ. ൬൭

സുരാംഗനാമൌലികൾ, കല്പപാദപ-
പ്രസൂനജാലങ്ങളൊരുക്കി മാലകൾ
രചിച്ചിട്ടുംപോലെ, കടഞ്ഞു പഞ്ഞി നൂ-
ലെടുത്തു നന്മുണ്ടുകൾ നെയ്തുനാരിമാർ. ൬൮

"സുമിത്രയമ്മാൾ" സ്വപകടാക്ഷവീക്ഷണ-
സ്മിതപ്രശംസാദ്ര്യഭിനന്ദനങ്ങളാൽ
വരാംഗിമാക്കൊക്കെയതാതുജോലിയ-
ഭ്യസിയ്ക്കുമുത്സാഹമഹോ! വളർത്തിനാൾ. ൬൯

തലേദ്ദിനം വസ്ത്രമയച്ചുവിററവ-
ന്നതിൻെറയാദായമവൾക്കു തയ്യലാൾ
ശരിക്കു വീതിച്ചുകൊടുത്തയച്ചുതൽ-
ഗൃഹങ്ങൾപൂകാൻമണിനാലടിക്കവേ. ൭൦

പുരാണകാവ്യാഗമപത്രപുസ്തക-
പ്രബന്ധപാരായണമാൎന്നുകൊണ്ടവൾ
ഇരുന്നു, പിന്നെച്ചില സാധുസേവന-
പ്രവൃത്തിചെയ്വാൻ കനിവോടിറങ്ങിനാൾ. വൃ ൫

പ്രിയൻപിരിഞ്ഞത്തലെഴുന്നൊരുത്തിയെ-
സ്സമാശ്വസിപ്പിച്ചു സമൎത്ഥവാക്കിനാൽ;
ഗദാൎത്തയായിട്ടമരുന്നൊരുത്തിയെ-
സ്സമാശ്വസിപ്പിച്ചു മരുന്നുനല്കിനാൾ. വൃ ൬

കരപ്പനാൽത്താൻ കരയുന്നകുട്ടിയെ-
ക്കരത്തിലവൾവാങ്ങിച്ചു കഷായമിട്ടുപോൽ
കഴിയ്ക്കുവാനായതികൗശലങ്ങളെ-
ക്കലേശരമ്യാനനയാശു കാട്ടിനാൾ. വൃ ൭

മദാന്ധനാം മദ്യപനേ, മഹാഹിയെ
വിളിച്ചുപാമ്പാട്ടികണക്കെ, നിൎഭയം
മൃദൂക്തിധാരാമൃതവൃഷ്ടികൊണ്ടതി-
പ്രശാന്തനാക്കീ പ്രണയാകുലാക്ഷിയാൾ. വൃ ൮

പഴന്തുണിയ്ക്കുംവകയററിരുന്നതൽ-
പ്പതിവ്രതയ്ക്കപ്പരസങ്കടങ്ങളെയാൾ
പരംപണിപ്പെട്ടിഹനെയ്തുചേലയൊ-
ന്നെടുത്തുടുക്കുന്നതിനായിനല്കിനാൾ. വൃ ൯

ഇവണ്ണമെല്ലാം പരസങ്കടം പരം
കുറച്ചുകൊണ്ടന്തിയണഞ്ഞവേളയിൽ
"സുമിത്ര" വീണ്ടും സ്വഗൃഹത്തിലെത്തി, നൽ-
പിതൃപ്രസൂവന്ദനഗീതിപാടിനാൾ. വൃ ൧൦

പാട്ട്

(താ രാ ട്ട്)

“പാരിടത്തിൽപുകഴും ‘പഴനിയിൽ’
ചാരുഹാസാനനവാഴും
താരകവൈരിതൻെറ തിരുവുടൽ
ഞാനിതാകൈതൊഴുന്നേൻ. ൧

അർക്കനെത്തുല്യമാകുംകിരീടവും
ചൊല്ക്കൊള്ളുംപൂമുടിയും
ഉൾക്കമലത്തിലെന്നുംവിളങ്ങണം
ഞാനിതാ........................ ൨

പഞ്ചമിച്ചന്ദ്രനൊത്തതിരുനെററി
ചഞ്ചലച്ചില്ലികളും
നെഞ്ചകത്തിങ്കലെന്നുംവിളങ്ങണം
ഞാനിതാ.......................... ൩

എൾപ്പൂവിനൊത്തമൂക്കുംകമലത്തിൻ–
ദർപ്പംകളഞ്ഞകണ്ണും
ഉൾപ്പൂവിലെപ്പൊഴും മേ വിളങ്ങണം
ഞാനിതാ....................... ൪

ദർപ്പണദർപ്പം തീർത്ത ഗണ്ഡങ്ങളും,
ചൊല്പൊങ്ങും പുഞ്ചിരിയും,
നല്പവിഴത്തിനൊത്തോരധരവും
ഞാനിതാ.................... ൫

ശംഖിനൊത്ത കഴുത്തും, തിരുമാറിൽ
തങ്ങുന്ന മാലകളും
എൻകരളിങ്കലെന്നും വിളങ്ങണം
ഞാനിതാ...................... ൬

വേലു ചക്രം വരദമഭയവും
ചാലവേ ചേർന്ന കൈകളും
മാലകററീടുവാനായ് നിരൂപിച്ചു
ഞാനിതാ...................... ൭

ആലിലപോലെ മിന്നുമുദരവും
ചേലെഴും ശ്രോണിയുമേ
ചാലവേ ചിന്തചെയ്തു മനക്കാമ്പിൽ
ഞാനിതാ...................... ൮

നന്മണിത്തൂണിനൊത്ത തുടകളും
നന്മയിൽ ജംഘകളും
എൻമനക്കാമ്പിലെന്നും വിളങ്ങണം,
ഞാനിതാ...................... ൯

ചെന്താമരക്കുസുമം നമിച്ചിടും
നിൻതിരുപ്പാദയുഗ്മം
അന്തരംഗത്തിലെന്നും വിളങ്ങണം
ഞാനിതാ...................... ൧൦

കേശാദിപാദമേവമടിയനും-
പാശത്തിൽ ബന്ധിയ്ക്കുന്നേൻ;
ക്ലേശമെല്ലാം കളഞ്ഞു രക്ഷിയ്ക്കുക
ഞാനിതാ...................... ൧൧

ശ്രീവേലായുധമംഗലസ്ഥവഗള-
ത്സ്വാരസ്യഗീതാമൃത-
സ്ത്രീവേണുധ്വനിയാൽ സമുച്ചിലതരാ-
യാകാശമാം വീഥിയിൽ
ആവേഗത്തോടണഞ്ഞു വാനവരുടൻ
രാകേന്ദുതാരാഗണ-
സ്ത്രീവേഷങ്ങളണിഞ്ഞു വാർകതിർമലർ-
ത്തുവൃഷ്ടി തൂകീടിനാർ. ൮൭

വനിതാദശം

സമാപ്തം

—o—

മൂന്നാംസർഗ്ഗം.

ഊദ്ഗശം ലക്ഷ്യവിശുദ്ധജീവിതാ-
ദശ്വാസരവരിഷ്ഠചര്യയിൽ,
സഞ്ചരിച്ചിതു സുമിത്ര,യാർദ്രയാം
താരയംബരതലത്തിലെന്നപോൽ. ൧

പൂതമാ,യതിപരോപകാരസം-
പൂർണ്ണമായ നിജജീവിതത്തിനാൽ,
പൂർവ്വപൌരരിയുടെ കീർത്തിതൻ പുനഃ-
സ്ഥാപനത്തിനാ മുതിൻ മുഗ്ദ്ധയാം. ൨

പ്രാന്തദേശതരുണീജനങ്ങളെ
പ്രാർത്ഥനാകലിതഭാഷണങ്ങളാൽ,
പാപിയെസ്സദുപദേശിയെന്നപോ-
ലേററവും സുമതി ശുദ്ധരാക്കിനാൾ. ൩

അംബരാഭരണഭക്ഷണത്തിലാ-
ഡംബരഭ്രമമകന്ന തന്വിയാൾ,
ആത്മജീവിതപഥത്തിലേയ്ക്കനേ-
കാംഗനാമണികളെക്കരേററിനാൾ. ൪

തിന്മപോലെ,യൊളിപൂണ്ട നേത്തതാം
മന്നൽമുണ്ടുകൾ കളഞ്ഞിതൊട്ടുപേർ;
നന്മപോലെ,യുരരീകരിച്ചുപോൽ
നന്മനസ്വിനികൾ നാട്ടുമുണ്ടുകൾ. ൫

സൂനപല്ലവനിസർഗ്ഗമണ്ഡന-
ശ്രീയെഴും ലതകൾപോലെ രമ്യകൾ,
തദ്വയസ്യകളണിഞ്ഞതില്ലഹോ!
കൃത്രിമാഭരണമത്രമേനിയിൽ ൬

മത്സ്യമാംസരസഭക്ഷണങ്ങളെ,
ക്ഷുദ്രമാം കൃതികൾപോലെ,യന്നവൾ
സന്ത്യജിച്ചിഹ സഖീജനങ്ങളെ-
സ്സുസ്വജീവിതപഥത്തിലാക്കിനാൾ. ൭

മുണ്ടുനെയ്ത്തുതൊഴിൽ, മുഗ്ദ്ധയാം മഹാ-
ലക്ഷ്മിപോലെ,യവിടെഗ്ഗൃഹങ്ങളിൽ,
മൂലനാശമുളവാക്കിയുൽക്കടം
ക്ഷാമബാധയുടെ വിക്രിയയ്ക്കുമേൽ, ൮

രാവിലെ കളി തുടങ്ങിയുള്ളതാ-
മശ്ശുചീകരണനിഷ്ഠകാങ്ക്ഷയാൽ,
രോഗപീഡകളശേഷമീമണി-
ഗ്രാമസീമകൾ കടന്നുമണ്ടിനാർ. ൯

സൽപ്രവൃത്തിഫലകങ്ങ,ളീർഷ്യതൊ-
ട്ടുള്ള ഹൃന്മലിനതാമഹാഹികൾ
തച്ഛിരസ്സുകളയത്തിവന്നിടാ-
തഗ്ഗുഹാമുഖമടച്ചമർത്തുതേ. ൧൦

ഈശ്വരസ്മരണപോതമേറി,യുൾ-
ബ്ഭക്തിയാം തുറമുഖത്തണഞ്ഞിടാൻ,
ഗ്രാമവാസിനികൾ നാമകീർത്തന-
ധ്വാനമാം തുഴകൾ കയ്ക്കലാക്കിനാർ. ൧൧

പ്രേമരൂപിണി സുമിത്രയമ്മ,യ-
ഗ്രാമവാസിനികൾ—തന്റെക്കൂട്ടുകാർ—
ശ്രീസമുന്നതിയിലെത്തുവാൻ, യുവ-
സ്ത്രീസമാജമവിടെത്തുടങ്ങിനാൾ. ൧൨

സൂര്യരശ്മിനിരപോലെ,യിസ്സഭാ-
സൂക്തിമാല,യിരുളിൽസ്സുഷുപ്തിയിൽ,
വാണിരുന്നവനിതാജനോൽക്കരം
വാട്ടമെന്നിയെയുണർത്തി നാൾക്കുനാൾ. ൧൩

സ്വാഭിമാനമൊടഖണ്ഡമാംസ്വദേ-
ശാഭിമാനമിഹ പെൺകിടാങ്ങളിൽ,
തൂമരന്ദമൊട്ടു നല്പൂക്കളിൽ-
ത്തൂമണംപടി വിളങ്ങി മേൽക്കുമേൽ. ൧൪

ഹൃദ്യവാണികൾ, സയുക്തികങ്ങളാം
ഗദ്യപദ്യകൃതികീർത്തനങ്ങളാൽ,
ഉദ്യമിച്ചിതവധാനപൂർവ്വകം
മദ്യവർജ്ജനവിശുദ്ധവേലയിൽ. ൧൫

ബാലകൾക്കബലദ്ധാത്മകായധീ-
പോഷണത്തിനുതകും വിധങ്ങളിൽ
യോഷമാർമണി സുമിത്രയത്രമേൽ
"ബാലികാസദന"മൊന്നു നാട്ടിനാൾ. ൧൬

ബന്ധുരാനന സുമിത്രതന്റെ നിർ-
ബ്ബന്ധപൂർവ്വവിഹിതശ്രമങ്ങളാൽ,
അന്ധകാരപരിപാടനത്തിനായ്
ഗ്രന്ഥശാലയതിലൊന്നുചേർത്തുതേ. ൧൭

ദീർഘദൃഷ്ടിയൊടു വാണിജൻ, പലേ
ദിക്കിൽനിന്നു പലനല്ല ഭാഷയിൽ
സാധനങ്ങളെയടുക്കിവെച്ചിട്ടും-
പോലെ, സൽകൃതികൾ താൻവരുത്തിനാൾ. ൧൮

നിർമ്മലാശയമിണങ്ങി,യുത്തമാ-
ദർശകാന്തി, വഴിയേവഹിക്കയാൽ
ഗ്രന്ഥശാല,യതിലുള്ള സൽകൃതി-
ശ്രേണിപോലെ വിലസീവിചിത്രമായ്. ൧൯

ശുദ്ധനാണരുളുവശ്യകല്പനാ-
ബദ്ധയായഥ സുമിത്ര സത്വരം
തത്രനേത്രരമണീയശാരദാ-
ക്ഷേത്രനിർമ്മിതി നടത്തി സാദരം. ൨൦

സമ്പ്രതി ത്രിദശസേവ്യശാരദാ-
സമ്പ്രതിഷ്ഠ വഴിപോലെ ചെയ്യുവാൻ,
ഭ്രമിതൻ മഹിതഭാഗധേയമാം
സ്വാമിതന്നെയെഴുന്നെള്ളിയെത്തിനാൻ. ൨൧

വാദ്യഘോഷമൊടു പാട്ടുപാടിവ-
ന്നാശ്ശുവായ്ക്കുരവയിട്ടു നാരിമാർ
വന്ദ്യനാംഗുരുവിനെ ത്രിവിഷ്ടപ-
സ്ത്രീകൾപോലെയെതിരേററിരുത്തിനാർ. ൨൨

ശാന്തനായി നിഗമാന്തസാരവി-
ശ്രാന്തനാം ഗുരു വിധിക്കൊത്തപോൽ,
മന്ത്രതന്ത്രമൊടു ശാരദാംബികാ-
ബിംബപൂജയധുനാ നടത്തിനാൻ. ൨൩

അഷ്ടഗന്ധസുമഗന്ധകീർത്തനാ-
ഹ്ലാദതാരമധുരാരവങ്ങളാൽ,
അന്തരിക്ഷമുലയുമ്പൊളംബികാ-
സുപ്രതിഷ്ഠ, ഗുരു ചെയ്തിതാദരാൽ. ൨൪

അംബരത്തിലമൃതാംശുപോലെ, നീ-
ലാംബുദത്തിലൊളിമിന്നലെന്നപോൽ,
അംബുജംപടി സരസ്സിലുല്ലസൽ-
കംബുവിൽക്കളനിനാദമെന്നപോൽ, ൨൫

ദേഹിപോലെ തനുവിൽ,സ്സമുജ്ജ്വലി-
ക്കുന്നതായ തിരിപോലെ റാന്തലിൽ,
ശാരദാമണിമനോജ്ഞബിംബമ-
ന്നുല്ലസിച്ചു പുതുതായ കോവിലിൽ.(യുഗ്മകം) ൨൬

ക്ഷേത്രഭാവി ശുഭമായിരിക്കുവാ-
നത്രപൂജ മുതലാം ചടങ്ങുകൾ,
ആത്മതീയസമുദായനിർമ്മലാ-
ചാര്യനന്നവിടെയേർപ്പെടുത്തിനാൻ. ൨൭

ശാരദാനഭജനത്തിനായി നാൾ-
തോറുമീഴവകുമാരിമാരതിൽ,
ശാരദാപദസരോരുഹദ്വയോ-
പാന്തികത്തിലണവാൻ തുടങ്ങിനാർ. ൨൮

ഉത്സവാദിയടിയന്തിരങ്ങൾ, ദു-
ർമ്മത്സരങ്ങളുയരാത്ത രീതിയിൽ
ഉള്ളിലുള്ള മതബോധമുജ്ജ്വലി-
ച്ചീടുമാറിഹ നടന്നു ഭംഗിയിൽ. ൨൯

പായസം, ത്രിമധുരം, വിശേഷമാം
നെയ്യുളക്ക, നവപുഷ്പമാലകൾ,
ഹൃദ്യമാം മലർനിവേദ്യമെന്നിവ-
യ്ക്കുദ്യ വന്നു വഴിവാട്ടുകാരികൾ. ൩൦

ഈഴവത്തരുണിമാർ കുളിച്ചു വ-
ന്നീവിശിഷ്ടതരമായ കോവിലിൽ,
ഈഹപോൽ സ്വയമനഘശാരദാ-
പൂജചെയ്തു പരിതൃപ്തി നേടിനാർ. ൩൧

ബാലികാസദനകാര്യദർശിനി-
സ്ഥാനമാർന്നൊരു സുമിത്ര സന്മതി
ബാലകൾക്കൊരു കലാഗൃഹത്തെയി-
സ്ഥാപത്തിനൊടു ചേർത്തുകെട്ടിനാൾ. ൩൨

പെൺകിടാങ്ങളുഴകൊട്ടമിക്കവാ-
മന്ദിരത്തിൽ, മധുവാസ്വാദിക്കുവാൻ,
പേശലാംഗശലഭങ്ങൾ പൂക്കളിൽ-
പോലെ, വന്നു പാഠം കഴിക്കുവാൻ. ൩൩

ഭക്തിയും, വിപുലമാം വിഭക്തിയും,
ഭാവനാഭരണശക്തിയുക്തിയും,
ഭാസുരാത്മപരിശുദ്ധിയും, ദയാ-
ഭാവവും ബഹു വിശിഷ്ട ശിഷ്യരിൽ, ൩൪

സാധനോപകരണപ്രയോഗസാ-
മർത്ഥ്യവാസനയുമുള്ള നാരിമാർ,
ബോധനത്തിനു നിയുക്തരായി ത-
"ച്ഛാരദാസദന"പാഠശാലയിൽ. (യുഗ്മകം) ൩൫

നിത്യവും കുളികഴിഞ്ഞു ചന്ദന-
പ്പൊട്ടു തൊട്ടു ഖദർമുണ്ടു മേനിയിൽ
ചാർത്തി,യേഴരമണിക്കു ശാരദാ-
ക്ഷേത്രവാടിയിലണഞ്ഞു കുട്ടികൾ. ൩൬

കുട്ടിയൊന്നിനു പറിച്ചു മൂന്നു പൂ-
കൈകളിൽക്കൗതുകമോടെടുത്തവർ,
ശാരദാലയമണഞ്ഞു കീർത്തനം
പാടിയിങ്ങനെ വലത്തു ചുററിനാർ:— ൩൭

പാട്ട്.

"വെൺമതിശേഖര" എന്ന മട്ട്.

"പൂവിലുണ്ണിപ്രിയേ, കൈതൊഴാം–എപ്പോഴുമെൻെറ
നാവിലേറി നൃത്തമാടുക!!

ഗോവിലാസം വേണമെങ്കിലോ–നിന്നുടെകൃപ–
ഭ്രൂവിലാക്ഷമവശ്യമല്ലോ.
ത്രീവിധുപ്രവരാദിസുരഗണ–
സേവിതാംഘ്രിസരോരുഹം തവ
ദേവി, സരസ്വതി, സേവിപ്പടിയനു
ധീവിശേഷഗോവിശുദ്ധിയരുളുക!—പൂവിലുണ്ണി...൧

കാളിട്ടും നിൻകൃപ കാട്ടിനീ–കൈതവമെന്ന്യേ–
കാളിദാസകവിപ്രൌഢനിൽ;
കേളിയവനിഹ കേട്ടു വേണ്ടതു;
കേളീതിൽ സതി, വിസ്മയം നഹി;
കാളിട്ടമിരുള മനസ്സിന്നു നിൻകര–
വാളിളക്കിലാളുകൾക്കു തീർന്നിതു;—പൂവിലുണ്ണി...൨

വാണിമാതേ, വാച്ചഭക്തിയാൽ–ക്കാൽത്തളിരിങ്കൽ–
വീണിതാ ഞാൻ വണങ്ങീടുന്നു;
ചേണിയന്ന വിശുദ്ധമാം
മണിമാലയിട്ട വലത്തു കൈമലർ,
ത്രാണിയോടേകിട്ടമഭയവരത്തിനു
പാണിക്രൂപ്പിവാണിടുന്നു ഞാനിഹ—പൂവിലുണ്ണി. ൩

ദുസ്സരസാഹിത്യചോതമാം–നിന്നുടെകഴ–
ലസ്സുശങ്കം വീണ കമ്പിടാം.
പുസ്തകാഞ്ചിതവാമമൃദ്വമൃദു–
ഹസ്തകമലമുയർത്തിയഴകൊടു
വിദ്രുതമെന്നെയനുഗ്രഹവരഗണ–
പാത്രമാക്ക ഭാസുരാംഗി, ഭഗവതി!–പൂവിലുണ്ണി...൪

ഫുല്ലകുന്ദകർപ്പൂരകാന്തി—കൈവണങ്ങുമാ–
റുല്ലസിക്കും തിരുമേനിയും,

നല്ലസരസിജപത്രരുചി തല-
തല്ലിടും നയനാളിയും തവ
തെല്ലുകതാരിൽ നിനപ്പവർ സൽകൃതി-
തല്ലജങ്ങളല്ലലററു തീർപ്പിതു—പൂവിലുണ്ണി......” ൩൭

പൂക്കണക്കിനു വലത്തു മൂന്നു സം-
പൂർണ്ണഭക്തിയൊടു വെച്ചു ബാലകർ,
പൂകിയുള്ളിലഥ ശാരദാംബികാ-
പൂജചെയ്തു തൊഴുകയ്യൊടോതിനാർ:— ൩൮

“ശാരദേന്ദുമുഖി, മുക്തിസാരദേ!
ശാരദേ, വരകലാവിശാരദേ!
ശാശ്വതേ, തവ പദാംബുജം യഥാ-
ശക്തി ഞങ്ങൾ പണിയുന്നിതാദരാൽ. ൩൯

“അമ്മപോലെയധുനാ കനിഞ്ഞു നീ-
യമ്മണിസ്തനയുഗം നുകർന്നിടാൻ,
അമ്പിനോടുമനുവാദമേകവാ-
നത്ര ഞങ്ങൾ പണിയുന്നു കാൽത്തളിർ. ൪൦

‘വാണി, തേ പദസരോരുഹങ്ങളിൽ-
പ്പാണികൂപ്പിയമരുന്ന ഞങ്ങളിൽ,
വീണിടട്ടെ! കരുണാവലോകന-
ശ്രേണി, ഭംഗമിയലാതെ നാൾക്കുനാൾ.” ൪൧

തീർത്ഥവും, കുസുമവും, പ്രസാദവും
തീർത്തുബാലകർ മുദാ കൈകളിൽ,
വാങ്ങി വീണ്ടുമഥ ശാരദാംബയേ
വാഴ്ത്തിയാശു സദനത്തിലെത്തിനാർ. ൪൨

പ്രാതലായ്, മലർന്നിവേദ്യവും, നറും-
പാൽപഴങ്ങളുമശിച്ചു കുട്ടികൾ,
പ്രാപ്തിപോലെയഥ പാചകക്രിയ-
യ്ക്കാത്തമോദമഥ ചേർന്നൊരുങ്ങിനാർ. ൪൩

തങ്ങൾതന്നെ കൃഷിചെയ്തിരിപ്പതാം
നല്ല സസ്യവിഭവങ്ങൾ കുട്ടയിൽ,
തല്പരത്വമൊടറുത്തുകൊണ്ടുവ-
ന്നീടിനാരവരിലെട്ടുപത്തുപേർ. ൪൪

കൊണ്ടുവന്ന വിഭവങ്ങളെക്കരം-
കൊണ്ടു വാങ്ങിയിഹ മൂന്നു നാലുപേർ
ഉള്ളിണങ്ങിയൊരുമിച്ചുട്ടുക്കളെ
യ്ക്കുള്ളിൽ വെച്ചഥ കറിക്കുവെട്ടിനാർ. ൪൫

വാരി കോരി ചില,രൊട്ടുപേരുടൻ
വാരിയിട്ടരിയരിച്ചു വെയ്ക്കുവാൻ,
വഹ്നികൂട്ടിയിതടുപ്പിലൊട്ടുപേർ;
വർണ്ണനീയമിവ വാക്പടുക്കളാൽ. ൪൬

വേലയാകെ വിഭജിച്ചു ചെയ്കയാൽ
വേഗമൂണു 'റഡി'യാക്കി ബാലകർ;
വേറെയുണ്ടു ഗുണമിങ്ങവശ്യമായ്
വേണ്ട വിദ്യയവരൊന്നു നേടിനാർ. ൪൭

ഇച്ഛപോലവർ വിളമ്പിയുണ്ടു, പി-
ന്നുച്ചചാഞ്ഞു ലഘുഭക്തി ചെയ്യുവാൻ,
മിച്ചമുള്ളവയടച്ചു ഭദ്രമായ്-
വെച്ചുട്ടുക്കളെയടച്ചു പൂട്ടിനാർ. ൪൮

പത്തടിച്ചു മണി; ശാരദാകലാ-
പത്തനത്തിലുയരുന്ന കേൾക്കുവാൻ,
ശാരദാചരണചാരുപങ്കജ-
പ്രാൎത്ഥനാമധുരനാദവീചികൾ. ൪൯

മാന്യരായ ഗുരുനാഥർ, മംഗള-
പ്രാൎത്ഥനാപരിസമാപ്തിയിൽ, ക്രമാൽ
പാഠപദ്ധതിമുറയ്ക്കു, തന്മതാ-
ദ്ധ്യാപനം പ്രഥമമായ് തുടങ്ങിനാർ.

സ്ത്രീകളാകിലൊഴിയാതറിഞ്ഞിരി-
ക്കേണ്ടതായ വിഷയങ്ങൾ ഭംഗിയിൽ,
മാതൃഭാഷവഴിയഭ്യസിച്ചിടാം,
പാഠപദ്ധതി പരിഷ്കരിക്കയാൽ. ൫൧

സംസ്കരിച്ചനവപാഠപദ്ധതി-
ക്കണ്ടു മറെറാരു ഗുണം കഥിക്കുവാൻ;
സംസ്കൃതാംഗലകഹിന്ദിഭാഷകൾ-
ക്കൊത്തപോലെ നിലകാണ്മതുണ്ടതിൽ. ൫൨

മാന്യശാസ്ത്രവിഷയങ്ങൾ, പഞ്ചിന്നൽ-
ത്തുല്പവിദ്യ, പല തയ്യൽവേലകൾ,
മൎമ്മമായി മഹിളയ്ക്കു വേണ്ട സം-
ഗീതവും പരിചയിച്ചു ബാലകൾ. ൫൩

നാലടിച്ചു മണി; ശാരദാകലാ-
ശാല വിട്ടഥ തിരിച്ചു കുട്ടികൾ,
വേഗമാസ്സദനമെത്തി വേണ്ടതാം
വേലയും കളികളും തുടങ്ങിനാർ. ൫൪

അന്തിയായളവിലംഗമംഗള-
ക്ഷാളനാദികൾ കഴിച്ചു ബാലകൾ,
അമ്പലത്തിലതിഭക്തിയോടു ചെ-
ന്നംബികാച്ചനകൾ ചെയ്തുകൂപ്പിനാർ. ൩൫

ദേവിതൻെറ യപദാനമാദരാൽ
സാവധാനമുരചെയ്തു തങ്ങളിൽ
കോവിലിന്നു വളരെ പ്രദക്ഷിണം
പാവനാശയകൾ വെച്ചിതന്തിയിൽ. ൩൬

ആഴമററ ഋചിയോടുകൂടിയ-
ത്താഴമുണ്ടവരവക്കിരിക്കുവാൻ
ആലയാധിപ വിനിശ്ചയിച്ചതാം
സ്ഥാനമാന്നവർ പഠിച്ചുറങ്ങിനാർ. ൩൭

ചന്ദ്രരശ്മിയിലടഞ്ഞുറങ്ങിടും
ചാരുവായകമലങ്ങൾപോലവേ,
ചന്തമാന്നമണിദീപശോഭയിൽ-
ച്ചാഞ്ഞുറങ്ങി നളിനായതാക്ഷിമാർ. ൩൮

കുട്ടികൾക്കുചിതമായ് പഠിക്കുവാ-
നീത്തരത്തിൽ നവമായരീതിയിൽ,
കുററമററ പഠനാലയങ്ങൾ,മ-
ററില്ല കാണ്മതിനനേകമൂഴിയിൽ. ൩൯

'വിശ്വഭാരതിയെ'യെന്നപോലെ,യീ-
വിശ്രുതാഭ്യസനശാല കണ്ടവർ,
വിസ്മയിച്ചിതു, സുമിത്രയെത്തുലോ-
മാദരിച്ചിതഭിനന്ദനങ്ങളാൽ. ൪൦

ശാന്തമാം പ്രകൃതപാഠശാലയേ-
പ്പററിയുള്ള പലനല്ലകേൾവികൾ
ശക്തിയോടിഹ പരന്നു, ചെമ്പക-
പ്പൂമണം ചിരമടങ്ങിനില്ക്കുമോ? ൬൧

മാന്യപണ്ഡിതവരേണ്യരിക്കലാ-
മന്ദിരത്തി,ലൊരു പുണ്യഭൂമിയിൽ
മാമുനീശ്വരർകണക്കെ,വന്നനി-
ർമ്മത്സരത്വമൊടു നിന്നുവാണിതിനാർ. ൬൨

ഓമനപ്രഥമചന്ദ്ര,നത്ഭുതാ-
കാരപൂർണ്ണത വഹിച്ചിട്ടുംവിധം
പൂർവ്വമാം"ഗുരുകുലം"സമ്പ്രദായസം-
സ്കാരപൂർത്തിയിഹ സംഗ്രഹിച്ചുപോൽ. ൬൩

"പെസ്റ്റലോസി"യുടെ പേരുപോൽ,കലാ
ഭ്യാസമഞ്ജുള ചരിത്രഭാഷയിൽ,
നല്ലതങ്കലിപിയിൽസ്സുമിത്രതൻ-
നാമധേയമെഴുതപ്പെട്ടുംക്രമാൽ. ൬൪

നാട്ടുകാരുടെസഹായമിന്നവ-
സ്ഥാപനത്തിനു ലഭിക്കമാറവാം,
നാലുദിക്കിലുമൊഴിച്ചിടാതെയ-
ഭ്യർത്ഥനത്തിനു നടന്നിതേറെനാൾ. ൬൫

മഞ്ജുവായിവികസിച്ചതാമര-
പ്പൂവിലക്കിരണങ്ങൾപോലവേ,
മംഗലാംഗിയുടെകൈനിറച്ചുപൊൻ-
നാണയങ്ങൾ പതിവായ്പതിച്ചുപോൽ. ൬൬

പാവമേകിയൊരുകാശുമപ്പണ-
ക്കാരനോടു പവനും മനസ്സിനി,
തുല്യനന്ദിയൊടു വാങ്ങി; വാസ്തവ-
ത്യാഗമെങ്ങുമഭിനന്ദനീയമാം. ൩൭

അല്പമായ് പലരൊടും ഗ്രഹിക്കയാ-
ലപ്പണക്കിഴിനിറഞ്ഞുതുവിഹാ!
അർത്ഥവത്തു്, "പലതുള്ളി"കൂടിയാ-
ലസ്ഥലത്തു "പെരുവെള്ള"മെന്ന ചൊൽ. ൩൮

അഭ്യർത്ഥിച്ചീവിധംകിട്ടിയധനമഖിലം
'ബാലികാമന്ദിര'ത്തി-
ന്നഭ്യുത്ഥാനാർഹികംവിധമഥവിനിയോ-
ഗിച്ചുവിശ്വാസയോഗ്യം.
അത്യന്താത്മതൃപ്തിയേകും ഭരണനിപുണയാം
രാജ്ഞിയെപ്പോലെ നാട്ടാ-
ർക്കായ്സ്ത്രീമാതൃകാജീവിതസരണി, കലേ-
ശാന്യകാട്ടിക്കൊടുത്താൾ. ൩൯

ബാലികാസദനത്തിന്റെ
ബാഹ്യാന്തരവളർച്ചയിൽ,
തണ്യാം ശ്രദ്ധയൊടുംവാണാ-
ളുണ്യുകൊല്ലം വരാംഗിയാൾ. ൪൦

"ബാലികാസദനം"

സമാപ്തം.

നാലാം സൎഗ്ഗം.

ഒരുനാളരുണോദയത്തിലന്യാ-
ദൃശമാം കാന്തിവഹിച്ചുശാന്തമായി
പ്രകൃതീശ്വരി വാണിരുന്നു; പമ്പാ-
നദിയക്കാഴ്ച പകൎത്തിവെച്ചിരുന്നു. ൧

രവിബാലനുദയനു്, നിദ്രയാളും
പ്രകൃതിശ്രീലളിതാംബയെക്ഷണത്തിൽ
രമണീയകരങ്ങളാൽ നീട്ടിനീട്ടി-
ത്തരസാ തട്ടിയുണൎത്തുവാൻ ശ്രമിച്ചാൻ. ൨

രവിയേവമുണൎത്തിയിട്ടുമുൾബ്ബോ-
ധിതയാകാഞ്ഞതിനാൽ, കിളിക്കിടാങ്ങൾ
പ്രകൃതീശ്വരിയാകുമമ്മയെസ്സൽ-
പ്രണയത്തോടു വിളിച്ചുകൊണ്ടിരുന്നാർ. ൩

പ്രകൃതീശ്വരിയാ പ്രയോഗശക്തി-
സ്സധുനാ കീഴിലടങ്ങിയെന്നമട്ടിൽ
വനിതാവടിവാൎന്നു ചാരുപമ്പാ-
പുളിനത്തിങ്കലിറങ്ങിവന്നു നിന്നാൾ. ൪

വനദേവതയോ? പവിത്രപമ്പാ-
വനദിവ്യാംഗനയോ? വരാംഗിയിസ്ത്രീ
വനജോത്ഭവയോ? സമസ്തലോകാ-
വനവൃത്തിക്കുപിറന്ന ദേവിതാനോ? ൫

സുമഗാത്രിയൊരുത്തിയേറെയുഷസ്സിൽ
സുഖദസ്നാനവിധാനമാചരിക്കാൻ
പതിവൊത്തിഹവന്നു നിന്നതത്രേ
യുവതിപ്രൗഢവയോവികാസമാർന്നോൾ! ൬

കമലാക്ഷി, വിശിഷ്യ ശാന്തമാകും
പ്രകൃതിശ്രീവിലയാട്ടമാംസ്ഥലത്തിൽ
കരംവെച്ചുനിരീക്ഷചെയ്തു, തങ്ക-
പ്രതിമയ്ക്കൊപ്പമനങ്ങിടാതെനിന്നാൾ. ൭

അതിശീതളനായ് സ്സരിന്മുഖംവി-
ട്ടുയർന്നുവന്ന സുഗന്ധഗന്ധവാഹൻ,
ബത! കോൾമയിർ കോരിയിട്ടു, സാധാ-
രണമല്ലാത്തവിധത്തിലോമലാളിൽ. ൮

പുളിനത്തിനു നേരെയെത്തിടുംപൂ-
ഞ്ചെറുകല്ലോലമനുഗ്രഹസ്വരത്തിൽ
പുതുതായൊരുമന്ത്രസാരമെന്തോ
ചെവിയിൽ ചൊല്ലിയവൾക്കു മേൽഗ്രഹിപ്പാൻ. ൯

അവളേവമശ്രുതപൂർവ്വമാകു-
ന്നൊരു ചേതോവികൃതിക്കു പാത്രമായാൾ;
അതുമൂലമൊരാഭിരമ്യമോമൽ-
തളിർമെയ്യിൽ ദ്രവിണീഭവിച്ചുകണ്ടു. ൧൦

മൃഗനേർമിഴിമൌലി, വാമനേത്ര-
സ്ഫുരണംതെല്ലുഗണിച്ചിടാതെയന്നാൾ
കുളിയാത്ര കഴിപ്പതിന്നുവേണ്ടി-
ത്തെളിനീരിങ്കലിറങ്ങുവാൻ മുതിർന്നാൾ. ൧൧

പുഴതന്റെയിടത്തുഭാഗമേറ്റും
വളവുംവിട്ടൊരു വഞ്ചി വേഗമപ്പോൾ
അഴകേറുമൊരാളുമായ്, മണിത്തേ-
രിന്നൊത്തെന്നതുപോലെ, കാണുമാറായ്. ൱൨

അരുണൻ—രവിതന്റെ മുമ്പിലായി-
ട്ടമരുന്നു തനതാം രഥം തെളിക്കാൻ;
ഒരുവൻ—തരുണന്റെ പിമ്പിലായി-
ത്തുഴയുന്നു നിജതോണി തള്ളിനീക്കാൻ. ൱൩

കളിവഞ്ചി തിരിഞ്ഞന്നേരമംഭോ-
രുഹരമ്യായതനേത്രവീക്ഷണത്താൽ
തരുണീതരുണർക്കു തമ്മിലാക-
സ്മികസന്ദർശനമൊന്നു സംഭവിച്ചു. ൱൪

യജമാനമനസ്സറിഞ്ഞപോലേ
നിജമാം തോണിയെയത്ര കർണ്ണധാരൻ,
അതിമന്ദഗതിയ്ക്കു വിട്ടു, രണ്ടാ-
ളുടെയന്തർഗ്ഗതമൌനനന്ദിയാർന്നാൻ. ൱൫

നിജനാവികനേ യുവാവു നന്നാ-
യഭിനന്ദിച്ചിതു തന്റെ വീക്ഷണത്താൽ;
നിഭൃതം കൃശഗാത്രി, നിർമ്മലസ്ത്രീ-
സഹജവ്രീളയൊടൊട്ടൊതുങ്ങിനിന്നാൾ. ൱൬

ഇരുപേർ, പ്രഥമപ്രവീക്ഷണത്താ-
ലനുരക്താശയരാകുമെന്നിരുന്നാൽ,
ഇവരങ്ങനെയായി; കാര്യമെന്തി-
ന്നനുരാഗത്തിനു കേൾവിപോരുമല്ലോ. ൱൭

ഇതിനുള്ളി,ലൊരാംഗലേയവേഷാ-
യുധസാമഗ്രിയെഴും യുവാവിനേത്താൻ
ജലജന്തുവിനിഗ്രഹോഗ്രലീലാ-
പരനായ് മങ്ക മനസ്സിലാക്കിവെച്ചാൾ. ൧൭

മലരിൽപ്പുഴപോലെ, നല്ലവെള്ള-
ച്ചുവരിന്മേൽ കരിരേഖയെന്നപോലെ,
മണിയിൽക്കറപോലെ ശുദ്ധവെള്ള-
പ്പുഴയിൽത്തെല്ലുകലക്കലെന്നപോലെ, ൧൮

മൃദുകോമളഗാത്രനാം യുവാവിൽ-
ത്തരസാ ക്രൂരവിനോദഭാവമന്നാൾ
സ്ഖലിതം കവിതയ്ക്കുപോലെ,യാ ശ്രീ-
മതി, കണ്ടാൾ ചെളിപോലെകാഞ്ചനത്തിൽ. ൨൦
(യുഗ്മകം)

കരപാടവമൊന്നുകാട്ടുവാനോ
തരുണൻ തന്നുടെ തോക്കെടുത്തുകയ്യിൽ?
എതിർസൈകതമാർന്നുദൂരെ വാഴു-
ന്നൊരു ചീങ്കണ്ണിയെ ലാക്കുനോക്കിനിന്നാൻ. ൨൧

നിജശൂലമെടുത്തുനീട്ടി, മൃത്യു-
ഞ്ജയനക്കാലനെയെന്നപോലെ കൊൽവാൻ,
അവനാശ്രുനിറച്ചുതോക്കുദ്ദേഷ്ടേ-
റിനചീങ്കണ്ണിയെ ലക്ഷ്യമാക്കിവെച്ചാൻ. ൨൨

അഥ ലാക്കു ശരിപ്പെടാഞ്ഞിതുനീ-
ടിന വാർത്തുമീനസക്കസാലയിന്മേൽ
ഗരുഡൻെറപുറത്തു വിഷ്ണുപോല-
ന്നവനാ നക്രവധത്തിനേറിനിന്നാൻ. ൨൩

വിധിയാരറിയുന്നു? ഹാ വിചിത്രം!
വെടിവെയ്ക്കുന്നതിനുദ്യമിച്ച വിദ്വാൻ
ക്ഷണമങ്ങു മറിഞ്ഞുപോയ പീഠ-
ത്തൊടുമയ്യോ! പുഴയിൽപതിച്ചുപോയി. ൨൪

അളവററ പരിഭ്രമിച്ചു വള്ളാ-
തമരക്കാരനിരുന്നു വാപൊളിച്ചാൻ;
അറിവും ബലവും വൃഥാഭവിപ്പു
മതിസാന്നിദ്ധ്യമൊരുത്തനില്ലയെങ്കിൽ. ൨൫

കനകാഭ കലൎന്ന "കണ്ടകൌപീ-
ന"വും,മഷ് ഷട്ടും,മുട്ടപ്പുമിട്ടു മെയ്യിൽ
കടിബൂട്സൊട്ടു കാൽശരായിയും പൂ-
ണ്ടവനൊ നീന്തുവതാറെറാഴുക്കിനുള്ളിൽ? ൨൬

പരമെത്രയഗാധമാണു പമ്പാ-
നദിയെന്നുള്ളതു നോക്കിനിശ്ചയിപ്പാൻ
അടികണ്ടതു തോകമാത്രം,മാഠം താ-
നൊലിവിൽപ്പെട്ടു കറങ്ങി നിസ്സഹായൻ. ൨൭

നിമിഷത്തിനുമുമ്പു നിഗ്രഹിപ്പാൻ
നിജകൈപൊക്കിയൊരുഗ്രനാം മനുഷ്യൻ
നിപതിച്ചിതു നീരിലാശു ചാകാൻ;
നിയതിക്കേ നിധനാധികാരമുള്ളൂ. ൨൮

സ്വയമേവ സമത്ഥനെങ്കിലും, ദുർ-
ഘടപാശ്ചാത്ത്യദുകൂലധാരണത്താൽ
അവനേററമശക്തനായ്; സ്വതന്ത്ര-
സ്ഥിതിയെത്താനതുമുഖ്യവിഘ്നമായി. ൨൯

സ്വയമേവ കരയ്ക്കു വന്നുചേരി-
ല്ലവനെന്നും, വിറപൂണ്ട കർണ്ണധാരൻ
സ്വസഹായമഹോ! കൊടുക്കയില്ലെ-
ന്നതുമാ മങ്ക കരയ്ക്കു നിന്നു കണ്ടാൾ. ൩൦

ചെറുതായൊരുറുമ്പു നീരിൽ വീഴു-
ന്നതു കണ്ടാൽ പരിരക്ഷചെയ്തുകൊൾവാൻ
മതിമാത്രവുമുള്ള മങ്കയാളോ
മനുജൻ ചാകുവതത്ര നോക്കിനില്പൂ? ൩൧

ക്ഷണമാററിലിറങ്ങി നീന്തി വല്ലാ-
തുഴലും പ്രൌഢയുവാവിനെക്കരത്താൽ
വഴിപോലെ പിടിച്ചു തീരമേററാൻ
വഴികാണിച്ചിതു വാരുതിത്തമെയ്യാൾ. ൩൨

നനു, രക്ഷലഭിച്ചപോതു നല്പൂ-
ന്തനുവിൻ കൈത്തളിരിൽ പിടിച്ചു മേന്മേൽ
വിനതാന്ന്യനടുത്തുകേറി,യാറ്റു-
ന്തനു ഗംഗാവൃതനായപോലെ, വന്നാൻ. ൩൩

കരകേറി, കരം വിടേണ്ടടിക്കായ്,
മനമില്ലാമനമോടു മാന്ന്യയോഗ്യൻ
അതു ചെയ്തു; കൃതജ്ഞതാപ്രകാശ-
ത്തിനു വാക്കററു കുഴങ്ങി ഗൽഗദത്താൽ. ൩൪

ഹൃദയംഗമമായ നന്ദി കാണി-
പ്പതിനിന്നേതൊരു നല്ല ഭാഷതന്നിൽ
ശരിയായൊരു ശൈലി കാണു? ചിന്താ-
മണി വെയ്ക്കാനതിനൊത്ത പെട്ടിയുണ്ടോ? ൩൫

ചിരമുള്ളിൽ നിറഞ്ഞു നിന്നു തള്ളി-
ച്ചിറപൊട്ടിച്ചുവരും ജലം കണക്കിൽ
ചില വാക്കുകളേവമുച്ചരിച്ചാൻ
ചിതമോടന്നു ചിതജ്ഞനാം കൃതജ്ഞൻ:— ൩൬

"തരുണീമണി, ജീവദാത്രി, നീതാൻ
കരുണാപൂർവ്വമനുഗ്രഹിച്ചുയാൽ ഞാൻ,
നിരുപിക്കുകിൽ, നിൻവിനീതനാകു-
ന്നൊരുദാസൻ, മമ ഭാവിജീവിതത്തിൽ. ൩൭

"അപമൃത്യുവിൽനിന്നു നിന്റെ പാണി-
ഗ്രഹണത്താൽ പ്രവിമുക്തനായൊരി ഞാൻ,
വിപദന്തമനന്തഭാഗ്യദീപം
വിലസും ഭനർവഴിയെന്നു കണ്ടറിഞ്ഞൂ" ൩൮

ഇതിനന്തരമായി മഞ്ജുമന്ദ-
സ്മിതമോടും മധുവാണിയുച്ചരിച്ചാൾ:—
"ഇവിടെക്കൃതമായതെന്തിതെന്നാ-
ലിതിനും മാത്രമഹോ! സ്തുതിച്ചുകൊൾവാൻ. ൩൯

"അഥവാ, മമ സാഹ്യമൊന്നുമില്ലാ-
തധികാരോഗ്യമെഴും ഭവാൻ ക്ഷണത്തിൽ,
പുരുശാന്തി വഹിച്ചിട്ടുന്നതാമി-
പ്പുഴ നീന്തിക്കരകേറുമായിരുന്നു" ൪൦

ഇവരിത്രയുമോതിയപ്പൊഴേയ്ക്കും
കടവിൽത്തോണിയടുത്തുവന്നുചേർന്നു;
അതിലുള്ളൊരിരിമ്പുപെട്ടിയിന്മേ-
ലുടമസ്ഥന്നുടെ മുദ്രയുജ്ജ്വലിച്ചു. ൪൧

"വിരുതേത്തു വിശാഖ" നെന്ന നാമം
വിപുലശ്രീകനകാംഗലാക്ഷരത്തിൽ
വികചാംബുജനേത്രകണ്ടു, ചേതോ-
വിമലക്ഷോഭമൊടാശ്ശു വിസ്മയിച്ചാൾ. ൪൨

അതിവിശ്രുതശ്ശുദ്ധസിംഹളശ്രീ-
കലശാബ്ധിജാതനിവൻ കുബേരതുല്യൻ
അഭിഭാഷകനെന്നപേരു കേൾക്കാ-
ത്തവരില്ലീഴവരത്ര ഭാരതത്തിൽ. ൪൩

അതുമല്ല, പുനസ്സ്വകീയ "ബാലാ-
സദന"ത്തിന്റെ സമുന്നതിക്കൊരിക്കൽ,
ഇരുനൂറു പവൻ കൊടുത്തയ,ച്ചാ-
ളിതു താ,നെന്നുമുടൻ "സുമിത്ര"യോർത്താൾ. ൪൪

പ്രമദാമണി,യുത്ഭവിച്ച നവ്യ-
പ്രമദത്തോടുടനിത്ഥമുച്ചരിച്ചാൾ:—
"അറിയുന്നു ഭവാനെയാരിതെന്നാ-
യടയാളം വഴിപോലെ കാണുകയാൽ ഞാൻ. ൪൫

"അവിടുന്നു മദീയബാല'ബാലാ-
സദന'ത്തിന്നു കുറച്ചു മുമ്പൊരിക്കൽ
അലിവോടു സുവർണ്ണനാണ്യസംഭാ-
വനചെയ്തോനഭിവന്ദ്യനെന്നുമെന്നാൽ. ൪൬

"നനവേഷമിതൊക്കെ മാററിയെന്നോ-
ടൊരുമിച്ചെന്നുടെ വീട്ടിലേയ്ക്കു പോരാൻ
കനിയേണ;മിതാ കുളിച്ചു തോർത്തി-
ക്ഷണമെത്താമിവ"ളെന്നു പോയ്ക്കുളിക്കാൻ. ൪൭

"ഇവളോ, ശരി, ബാലികാലയത്തിൻ-
ചുവടായുള്ള "സുമിത്ര"യെന്ന നല്ലാർ;
ഭുവനൈകമനോഹരാംഗിയാകു-
ന്നിവളാൽ രക്ഷിതനെത്ര ധന്യധന്യൻ". ൪൮

മതിയിങ്ങനെ നൂതനോത്ഥചിന്താ-
ഗതിയൽപ്പെട്ടു രമിക്കെ, മഞ്ജുളാംഗൻ
മടിവിട്ടു നനഞ്ഞ വേഷമെല്ലാ-
മുടനേ മാററിയൊരുങ്ങിനിന്നു പോകാൻ. ൪൯

ഗ്രഹണപ്രവിമുക്തനായ് പ്രകാശി-
ച്ചിടുമാദിത്യനു തുല്യനായ് തദാനീം
അപമൃത്യുവൊഴിഞ്ഞു വിട്ട രമ്യാ-
കൃതിചേരും തരുണൻ തെളിഞ്ഞുനിന്നാൻ. ൫൦

കുളിയാത്ര കഴിച്ചുവന്ന തങ്ക-
ക്കുളിർമെയ് വല്ലിയൊടൊത്തുടൻ "വിശാഖൻ",
കുതുകോത്തരമാശയൻ "സുമിത്രാ"-
ഭവനത്തിൽ ശ്രമമററു ചെന്നുചേർന്നാൻ. ൫൧

വിവരങ്ങളറിഞ്ഞു കുഞ്ഞുരാമൻ
വിഗളത്തോഷമൊട്ടും വിശ്രുലോചിതൻ
വിധിപോലെ സതീത്ഥ്യപുത്രനേ,കൈ-
വികസിപ്പിച്ചു പിടിച്ചു സല്ക്കരിച്ചാൻ. ൫൨

നിജസേവകനൊത്തു നക്രനായാ-
ട്ടിനു വന്നീടിന വീര്യവാൻ 'വിശാഖൻ'
നിലയാധിപനുള്ളപേക്ഷ കൈക്കൊ-
ണ്ടവിടെത്താമസമാക്കിനാൻ കുറേനാൾ. ൫൩

* * * * * * *
* * * * * * *

മൂന്നു മാസമഥ പോയി; മല്ലലത പൂത്തു;
    മുഗ്ദ്ധതരമായിതാ
മൂളിടുന്നു മധുവുണ്ടു വണ്ടുകൾ; മുഴങ്ങി-
    ടുന്നു പികഗീതികൾ;
മൂന്നുപേരിത "ശിവാദ്രി"നാഥഗുരുവിന്റെ
    കാൽത്തളിർ പണിഞ്ഞിടാൻ
മുട്ടുകുത്തിയമരുന്നു; തൽഗ്ഗുരുവനുഗ്ര-
    ഹങ്ങളരുളുന്നിതാ!! ൩൮

"കുഞ്ഞുരാമ, ശുഭമസ്തു!! കുട്ടികളിവക്കു
    ദമ്പതികളാകുവാൻ
മഞ്ജുവായ തിരുനാളിലെത്തുമിഹ മുഖ്യ-
    നായൊരു മുനീശ്വരൻ
നിന്റെ നല്ല ഭവനത്തി;ലായതിനടുത്തു
    കാല;മഥ നിങ്ങളെൻ
മക്കളാണറിക ഹേ! വിശാഖ, കൃശവല്ലി,
    കൃഷ്ണദ്വരനന്ദിനി!" ൩൯

ഇത്തരം ഗുരുവനുഗ്രഹിച്ചിതു; തിരിച്ചു-
    പോന്നിതവർ പത്തുനാ-
ളെത്തവേയൊരു മുനീശ്വരൻ—ഗുരുവുരച്ച
    വാക്കു പിഴയാകുമോ?—
പത്തനത്തിലെഴുനെള്ളി;യിമ്പമൊടു കുഞ്ഞു-
    രാമനെതിരേല്ക്കുവാ-
നെത്തിയപ്പൊഴുതു നില്പതാരതു? പിരിഞ്ഞു-
    പോയൊരു സഹോദരൻ! ൩൰

കണ്ണുനീരിനൊടു കാല്ക്കൽവീണു ഗദ്ഗദത്തൊടു
　　കണ്ഠമിടറിത്തുലോം,
"കാത്തുകൊൾക, കരുണാപുരസ്സരമനുഗ്ര-
　　ഹിച്ചിവനെയഗ്രജ!"
എന്നുരച്ചുമവനെപ്പിടിച്ചുടനുയർത്തി-
　　നിർത്തി "വഴിപോലെ ഞാൻ
നിന്റെ കൃത്യഫലഭംഗി കൊണ്ടതികൃതാർത്ഥ"
　　നെന്നു മുനി ചൊല്ലിനാൻ. ൭൧

സൂക്ഷ്മദർശിനി സുമിത്ര വേഗമിതു കണ്ടു
　　ചെന്നു, "സുതയെ ബ്ഭവാ-
നക്ഷ, താത, യതിവര്യ, സാമ്പ്രതമനു-
　　ഗ്രഹിച്ചിടുക മേൽക്കുമേൽ"
ഇത്ഥമേറ്റമിടറുന്ന തൊണ്ടയൊടുരച്ചു
　　ഹന്ത! നിജ ധരണാ-
ശക്തി വെച്ചതിനു ശേഷമച്ഛനുടെ മാറിൽ
　　വീണു മകളാദ്യമായ്! ൭൨

സന്ന്യസിച്ചതിനു ശേഷ—മാദ്യവു—മൊടുക്ക-
　　വും—വടിവു കോൾമയിർ
കൊണ്ടിതപ്പൊഴുതു, രണ്ടു കണ്ണുകളിൽനിന്നു
　　രണ്ടു ചെറുതുള്ളികൾ
പുത്രിതൻ തലയിലാശ്രു— മുല്ലമലർ പോലെ,
　　നല്ലമണി പോലെ, ഹാ!
ശുഭ്രമായി നിപതിച്ചു; മാമുനി മുഹൂർത്ത-
　　മിങ്ങൊരു മനുഷ്യനായ്! ൭൩

മന്ദമായിനിജമാറിൽനിന്നു മകളെപ്പി-
ടിച്ചുബത!മാററി; സ-
ന്മംഗളധ്വനിയിലോതി മുഗ്ദ്ധയുടെയച്ഛ—
നല്ല—മുനിപുംഗവൻ
"മംഗളാംഗി! മകളേ! മനസ്വിനി! നിനക്കു
മംഗളമഭംഗുരം
മന്നിലെന്നുമുളവാകവിശ്രുതവിശാഖ-
വീക്ഷണകൃപാമൃതാൽ." ൩൦

ഇത്തരംമുനിയുരച്ച—നല്ലചദർമണ്ഡ-
ട്ടത്തിതിനിടയ്ക്കു വ-
ന്നെത്തിയമ്പൊടു വണങ്ങിടുന്നൊരുവിശാ-
ഖനേ വിഗതസംശയം
സർവ്വമംഗളമുദിക്കമാറുസമനുഗ്ര-
ഹിച്ചുസമയോചിതം
സുന്ദരാംഗനവനും സുമിത്രയുമടുത്തു-
നില്പതിനു ചൊല്ലിനാൻ. ൩൧

നമ്രചാരുമുഖിയാംസുമിത്രയുടെ കമ്ര
കോമളകരാംബുജം
നിർമ്മലൻമുനിപിടിച്ചുധർമ്മപരചിന്ത-
യോടുമതിശർമ്മദൻ
വിശ്വവിശ്രുതചരിത്രനാകിയവിശാഖ-
നായിവിധിപോലെ,സ-
ദ്വിദ്യയെന്നുരുസമർത്ഥശിഷ്യനുകണക്കു,
വേഗമരുളീടിനാൻ. ൩൨

ആഴിതന്റെമകളേമുകുന്ദനുകണക്കു,
        തന്റെസുതയെത്തുഷ്ടാ-
രാദ്രിരുദ്രനുകണക്കു, ഹന്ത! ദമയന്തി-
        യേ'മഹിത'മന്നവൻ
വീരനായനളനെന്നപോലിഹ'വിശാഖ'-
        നാത്മജ'സുമിത്ര'യേ
വിശ്വവന്ദ്യനരുളീടിനാൻ വിഹിതമംഗ-
        ളക്രിയയിലാദരാൽ. ൩൮

വന്നപോലെ മുനി യാത്രയായി, ബഹുശൈല-
        പട്ടണവനാന്തര-
ദീപമാലയിൽ നടന്നു സാധുപരിസേവ-
        നം പരിചയിക്കുവാൻ;
ഹാ! യഥാർത്ഥയതിപുംഗവന്നു നിജമന്ദി-
        രം നിഖിലമന്നിടം;
സർവ്വസാധുപരിരക്ഷണം സകലവിശ്വ
        നാഥപരിസേവനം.

നല്ല സദ്യ മുതലാം ചടങ്ങുകളടുത്ത
        നാലാം സ്വജനസാധുസം-
തൃപ്തിയേററമുയരുന്നമാതിരി കഴിഞ്ഞു
        കൂടി കലിതോത്സവം;
ശാരദയ്ക്കു കളഭം വിളക്കു വഴിവാട്ട-
        മമ്പിനൊട്ടു "ബാലികാ
മന്ദിര"ത്തിലൊരുസദ്യ വേറെയുമഹോ! ന-
        ടന്നിതതിനന്മയിൽ. ൩൯

ക്രീടിട്ടും ശുഭമായ നാളിലവിടെ
കൂടീ യുവസ്ത്രീകൾ, നൽ-
പാടീരദ്രവപുഷ്പമാലകളണി-
ഞ്ഞാടീ തുലോം ഭംഗിയിൽ,
പാടീ "മംഗളപത്ര"മൊന്നതു സമ-
ൎപ്പിച്ചാർ ഗൃഹസ്ഥാശ്രമം-
തേടീടുന്നനവ്യദമ്പതികൾതൻ
സംയുക്തഹസ്തങ്ങളിൽ!!

"മംഗളോദയം"

സമാപ്തം.

ശുഭം.

7770

National Library
Calcutta.